നം.കെ.എസ്.എ.പി.റ്റി.എ.പി12/1284(A)/2016 തീയ്യതി : 03-12-2016

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4), 1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 08.02.2016 മുതൽ 05.11.2016വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 11 എണ്ണത്തിനും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽനിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ, ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമുണ്ടായിരിക്കുന്നതല്ല.

ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും ഉദ്യോഗപ്പേരും | ശ്രീ ഹബീബ് മുഹമ്മദ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 07.11.2016 മുതൽ 16.11.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരുവിവരം | ശ്രീ റ്റി. അനിൽകുമാർ, ഓഡിറ്റ് ഓഫീസർ (ഹയർ ഗ്രേഡ്)<br>ശ്രീ അരുൺ പി.ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ ഹരികുമാർ ബി., സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | |
|---|---|
| | |

നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.എം.ആർ.ശ്രീധരൻ | 01.04.2015 മുതൽ 31.10.2015 വരെ |
| | ഭരണ നിർവ്വഹണ സമിതി | 01.11.2015 മുതൽ 18.11.2015 വരെ |
| | ശ്രീമതി രവികല എബി | 19.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീ.കെ.സി.സുരേഷ് കുമാർ | 01.04.2015 മുതൽ 31.03.2016 വരെ |

റിപ്പോർട്ടിന്റെ ഉള്ളടക്കം

ഈ റിപ്പോർട്ടിൽ നാലു ഭാഗങ്ങൾ ഉൾക്കൊള്ളിച്ചിട്ടുള്ളതും ഓരോ ഭാഗത്തിലും താഴെ കൊടുത്തിരിക്കുന്ന വിവരങ്ങൾ ചേർത്തിട്ടുള്ളതുമാണ്.

ഭാഗം 1: പൊതു അവലോകനം

ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പൊതുവായ വിവരങ്ങളുടെ അവലോകനവും നിർദ്ദേശങ്ങളും.

ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

രസീതു പരിശോധനയിലും ഗ്രാമപഞ്ചായത്തിന്റെ വരവ് ഇനങ്ങളുടെ ഓഡിറ്റിലും കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ ചെലവ് കണക്കുകളുടെ ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ, ക്രമക്കേടുകൾ, മറ്റ് ഓഡിറ്റ് നിരീക്ഷണങ്ങൾ.

ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും

സാമ്പത്തിക നില, ഓഡിറ്റ് പ്രത്യവലോകനം എന്നിവ.

അനുബന്ധം

1. ഓഡിറ്റ് സർട്ടിഫിക്കറ്റ്
2. ബാലൻസ് ഷീറ്റ് - 2015-16
3. ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - 2015-16

4. റെസീപ്റ്റ് ആന്റ് പേയ്മെന്റ് സ്റ്റേറ്റ്മെന്റ് - 2015-16

ഉള്ളടക്കം


| ക്രമ നം. | വിഷയം | ഖണ്ഡിക നമ്പർ |
|---|---|---|
| | ഭാഗം 1: പൊതു അവലോകനം | |
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | 2015-16 വാർഷിക പദ്ധതിയിൽ ലഭ്യമായ തുകയും, ചെലവും | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം - രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ വീഴ്ച | 1-10 |
| | ഭാഗം 2: വരവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 11 | അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിക്കുന്നില്ല | 2-1 |

| | | |
|---|---|---|
| | | |
| 12 | വസ്തുനികുതി-വൻതുക കുടിശ്ശിക | 2-2 |
| 13 | വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല | 2-3 |
| 14 | സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല | 2-4 |
| 15 | വിമുക്തഭടന്മാർക്ക് അനധികൃതമായി വസ്തുനികുതി ഇളവ് അനുവദിച്ചു | 2-5 |
| 16 | പരസ്യനികുതി പിരിക്കുന്നില്ല | 2-6 |
| 17 | രജിസ്ട്രേഷനില്ലാതെ ലോഡ്ജുകളും റിസോർട്ടുകളും പ്രവർത്തിക്കുന്നു | 2-7 |
| 18 | അനധികൃതമായി ഇറച്ചി വിൽപ്പന നടത്തുന്നു | 2-8 |
| 19 | മൊബൈൽടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല | 2-9 |
| 20 | മാർക്കറ്റ് ഫീസ് പിരിവ്- നിരക്ക് പ്രദർശിപ്പിക്കുന്നില്ല | 2-10 |
| 21 | അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല | 2-11 |
| 22 | കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിലെ മാറ്റങ്ങൾക്കനുസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം | 2-12 |
| 23 | സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല | 2-13 |

| | | |
|---|---|---|
| 24 | തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല | 2-14 |
| | ഭാഗം 3: ചെലവു കണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 18 | പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു | 3-1 |
| 19 | നീർത്തട പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച; പശ്ചിമഘട്ട വികസന പദ്ധതിക്ക് ലഭ്യമായ അരക്കോടി രൂപ നഷ്ടമായി | 3-2 |
| 20 | 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയ ഇനത്തിൽ 245307 രൂപ നഷ്ടം | 3-3 |
| 21 | നീലിപിലാവ് ശിശുമന്ദിരം റൂഫിംഗ് - പ്രവൃത്തി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച | 3-4 |
| 22 | എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥ മൂലം സ്തംഭനാവസ്ഥയിലായ പദ്ധതികൾ | 3-5 |
| 23 | പലിശ കിട്ടുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നില്ല | 3-6 |
| 24 | ആയുർവേദ ഡിസ്പൻസറി നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടു നൽകിയ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ചില്ല | 3-7 |
| 25 | റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച | 3-8 |
| 26 | പദ്ധതി നടത്തിപ്പിൽ അലംഭാവം; റോഡ് മെയിന്റനൻസ് ഗ്രാന്റ് 30.41 ലക്ഷം രൂപ പാഴാക്കി | 3-9 |

| | | |
|---|---|---|
| 27 | തെരുവ് വിളക്കുകളുടെ പരിപാലനം; പാളിച്ചലവ് ഒഴിവാക്കാൻ അടിയന്തിര നടപടി അനിവാര്യം | 3-10 |
| 28 | പൊതു ടാപ്പുകളുടെ വെള്ളക്കരം പഞ്ചായത്ത് ഫണ്ട് ചോർത്തുന്നു | 3-11 |
| 29 | ശബരിമല ഇടത്താവളം മെയിന്റനൻസും, റൂഫിംഗും; കരാറുകാരന് ലാഭവും, പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടവും | 3-12 |
| 30 | കേരള ലോക്കൽ ഗവ: സർവ്വീസ് ഡലിവറി പ്രോജക്ട് (KLGSDP) – വികലമായ പദ്ധതി നടത്തിപ്പ് | 3-13 |
| 31 | ഖരമാലിന്യ പ്രശ്നം പരിഹാരമില്ലാതെ തുടരുന്നു; അടിയന്തിര നടപടി അനിവാര്യം | 3-14 |
| 32 | അസി. എഞ്ചിനീയറുടെ പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടിൽ വൻതുക ബാലൻസ് അവശേഷിക്കുന്നു | 3-15 |
| 33 | കരാറുകാർ നികുതി കോമ്പൗണ്ട് ചെയ്തതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല – കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയത് | 3-16 |
| 34 | പട്ടിക വർഗ്ഗ വികസന ഫണ്ട് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചു - സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം | 3-17 |
| 35 | പഞ്ചായത്ത് വാഹനം - ഇന്ധന ക്ഷമത ടെസ്റ്റ് ചെയ്യുന്നില്ല | 3-18 |
| 36 | സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണ പാത്രം വാങ്ങൽ- നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല | 3-19 |

| | | |
|---|---|---|
| 37 | പൂരക പോഷകാഹാര പദ്ധതി-വൗച്ചറുകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു | 3-20 |
| 38 | ഇ.എം.എസ് ഭവന പദ്ധതി; 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല | 3-21 |
| 40 | ഭവന നിർമ്മാണം എസ്.സി.പി; 2 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല - പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച | 3-22 |
| 41 | ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല | 3-23 |
| 42 | പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചില്ല; ഗ്രാമപഞ്ചായത്ത് നിയമവും, ചട്ടവും ലംഘിച്ചു | 3-24 |
| | ഭാഗം 4: ധനസ്ഥിതി വിവരണവും ഓഡിറ്റ് പ്രത്യവലോകനവും | |
| 43 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 44 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 45 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിക്കാൻ അവശേഷിക്കുന്നത് | 4-3 |
| 46 | വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം | 4-4 |
| 47 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |

| | | |
|---|---|---|
| 48 | ഓഡിറ്റ് റിക്കവറി | 4-6 |
| 49 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 50 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 51 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-9 |


# ഭാഗം 1

## പൊതു അവലോകനം

## (1-1) ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2015 -16 വർഷത്തെ ബജറ്റ് സംബന്ധിച്ചുള്ള വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വർഷം | ബജറ്റ് അംഗീകരിച്ച തീയതി | റിവൈസ്ഡ് ബജറ്റ് അംഗീകരിച്ച തീയതി |
|---|---|---|
| 2015-16 | 25.03.2015 | ഇല്ല |

വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതികൂടി ഉൾപ്പെടുത്തി ബജറ്റ് പുതുക്കി ഭരണസമിതിയുടെ അംഗീകാരം തേടേണ്ടതുണ്ട്. അപ്രകാരം 2015-16 സാമ്പത്തിക വർഷം ബജറ്റ് പുതുക്കി അംഗീകാരം വാങ്ങിയിട്ടില്ല.

ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവുകൾക്ക് യഥാർത്ഥ വരവ് ചെലവുകളുമായി യാതൊരു പൊരുത്തവുമുണ്ടായിരുന്നില്ല. പെരുപ്പിച്ച മതിപ്പ് വരവ് ചെലവുകൾ സൂചിപ്പിക്കുന്നത് ഉചിതമായ രീതിയിലുള്ള ധനകാര്യ ആസൂത്രണത്തിന്റെ അഭാവത്തെയാണ്.

| | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം |
|---|---|---|---|
| മുന്നിരിപ്പ് | 1871827 | 18545101 | 16673274 |
| വരവ് | 89144273 | 28481874 | -60662399 |
| ആകെ | 91016100 | 47026975 | -43989125 |
| ചെലവ് | 87964350 | 41421956 | -46542394 |
| നീക്കിയിരിപ്പ് | 4953577 | 5605019 | 651442 |

കേരള പഞ്ചായത്ത് രാജ് നിയമത്തിൽ നിഷ്കർഷിച്ചിരുന്ന നടപടി ക്രമങ്ങൾ പാലിച്ച് യാഥാർത്ഥ്യ ബോധത്തോടെയുള്ള ബജറ്റ് തയ്യാറാക്കാത്തതിനാൽ സാമ്പത്തിക നിയന്ത്രണം എന്ന വിശാലമായ ലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

## (1-2) വാർഷിക ധനകാര്യപത്രിക

| സാമ്പത്തിക വർഷം | ഓഡിറ്റിൽ ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 15-05-2016 | |

2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് റൂൾസ് പ്രകാരം മേയ് 15-ാം തീയതിക്കുള്ളിൽ മുൻ സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക തയ്യാറാക്കി പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ച് ഓഡിറ്റിന് സമർപ്പിക്കേണ്ടതായിരുന്നു. എന്നാൽ ചട്ടം അനുശാസിക്കുന്ന സമയ പരിധിയ്ക്കുള്ളിൽ വാർഷിക കണക്കുകൾ ഓഡിറ്റിന് സമർപ്പിച്ചിട്ടില്ല. വീഴ്ച ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതി ലേക്ക് ശ്രദ്ധയിൽപ്പെടുത്തുന്നു.

## (1-3) വാർഷിക ധനകാര്യപത്രികയുടെ പരിശോധന

2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രികയിൽ ചുവടെ പറയുന്ന ന്യൂനതകൾ ഉണ്ട്.

1. തൻവർഷ വസ്തു നികുതി ഡിമാന്റ് തുകയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ വസ്തുനികുതി പുനർനിർണ്ണയത്തിന്റെ ഭാഗമായുള്ള ഫാറം 6-ലുള്ള ഡാറ്റാ എൻട്രി പൂർത്തീകരിച്ച് സെക്രട്ടറി ഡിജിറ്റൽ സിഗ്നേച്ചർ ഇട്ട് ആധികാരികമാക്കിയിട്ടില്ല. എല്ലാ കെട്ടിടങ്ങളുടെയും വസ്തുനികുതി പുനർനിർണ്ണിയിച്ച് ഡിമാന്റ് ചെയ്തിട്ടില്ല.

2. കുടിശ്ശിക ഡിമാന്റ് രജിസ്റ്ററിന്റെ അഭാവത്തിൽ വസ്തുനികുതി കുടിശ്ശികയായി വാർഷിക ധനകാര്യ പത്രികയിൽ കാണിച്ചിട്ടുള്ള 3515333 രൂപയുടെ കൃത്യത ബോദ്ധ്യപ്പെട്ടിട്ടില്ല.

3. വാടക ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള ആകെ ഡിമാന്റ് തുകയും (₹804372) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള തുകയും (₹869401) പൊരുത്തപ്പെടുന്നില്ല.

4. ചിറ്റാർ സർവ്വീസ് കോ.ഓ.ബാങ്ക് അക്കൗണ്ടിലെ (A/c.No. 2161) 31.03.16-ലെ യഥാർത്ഥ നീക്കിയിരിപ്പ് 8282 രൂപയാണ്. എന്നാൽ RP40(b)-ൽ 6640 രൂപയാണ് നീക്കിയിരിപ്പായി കാണിച്ചിരിക്കുന്നത്. വ്യത്യാസം പൊരുത്തപ്പെടുത്തിയിട്ടില്ല.

## (1-4) സാമ്പത്തിക വിശകലനം

| | |
|---|---|
| മുൻബാക്കി | 18545101 |
| വരവ് | 28481874 |
| ആകെ | 47026975 |
| ചെലവ് | 41421956 |
| നീക്കിബാക്കി | 5605019 |

## (1-5) ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | 2015-16-ൽ ലഭിച്ച തുക | ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്ത തുക | ആകെ തുക | ചെലവ് തുക | നീക്കിബാക്കി |
|---|---|---|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 2648477 | 2716728 | 5719071 | 11084276 | 11084276 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 1547149 | 4968713 | 0 | 6515862 | 6515862 | 0 |
| ലോക ബാങ്ക് സഹായം | 2548000 | 919352 | 0 | 3467352 | 3467352 | 0 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട് (എസ്.സി.പി) | 1145118 | 3953743 | 0 | 5098861 | 5098861 | 0 |
| വികസനഫണ്ട് (ടി.എസ്.പി) | 772162 | 1186834 | 0 | 1958996 | 1958996 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 643903 | 2559674 | 0 | 3203577 | 3203577 | 0 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 1991881 | 522605 | 0 | 2514486 | 2514486 | 0 |

## (1-6) പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | നടപ്പാക്കിയത് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പദ്ധതികളുടെ ശതമാനം |
|---|---|---|---|---|
| 168 | 117 | 11 | 40 | 69.64 |

## (1-7) തനത് വരുമാനം

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | %(+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3096647 | 2298377 | -798270 | -34.73 |
| നികുതിയേതര വരവുകൾ | 1708792 | 1852265 | 143473 | 7.75 |
| മറ്റ് വരവുകൾ | 0 | 42255 | 42255 | 100 |

## (1-8) ക്യാഷ് വെരിഫിക്കേഷൻ

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07-11-2016 ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 26200രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## (1-9) മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ക്രമ നം | ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയ്യതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയ്യതി | ഗുരുതരമായ ഓഡിറ്റ് പരാമർശങ്ങൾ |
|---|---|---|---|---|---|
| 1 | പെർഫോമൻസ് ഓഡിറ്റ് | 24.10.2016 | | റിപ്പോർട്ട് ലഭിച്ചിട്ടില്ല | ഇല്ല |
| 2 | അക്കൗണ്ടൻറ് ജനറലിന്റെ | 22.10.2016 മുതൽ | 2011-12 മുതൽ | റിപ്പോർട്ട് ലഭിച്ചിട്ടില്ല | ഇല്ല |

| | | | | | |
|---|---|---|---|---|---|
| | ഓഡിറ്റ് | 05.11.2016 വരെ | 2015-16 വരെ | | |

## **(1-10)** ആഭ്യന്തര നിയന്ത്രണം - രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ വീഴ്ച

താഴെ പറയുന്ന രജിസ്റ്ററുകൾ ഗ്രാമപഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

1. പേഴ്സണൽ രജിസ്റ്റർ (PR)
2. ഇൻഡംനിറ്റി ബോണ്ട്/എൻ.എൽ.സി./എൽ.സി. രജിസ്റ്റർ
3. അസാധാരണ ചെലവ് രജിസ്റ്റർ
4. തെരുവുവിളക്കുകളുടെ (പോസ്റ്റ നമ്പർ ഉൾപ്പെടുത്തിയത്) രജിസ്റ്റർ
5. പൊതുടാപ്പുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ
6. ടെലഫോൺ മെസ്സേജ് രജിസ്റ്റർ

രേഖകളും രജിസ്റ്ററുകളും സൂക്ഷിക്കുന്നതിലെ പിഴവുകൾ പരിഹരിക്കേണ്ടതാണ്.

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## **(2-1)** അനധികൃത നിർമ്മാണത്തിനെതിരെ നടപടി സ്വീകരിച്ചില്ല

ഗ്രാമപഞ്ചായത്തിലെ വാർഡ് III-ൽ ചിറ്റാർ - സീതത്തോട് റോഡിന് സമീപത്തായി ശ്രീ.കെ.എം.ബഷീർ, പുത്തൻപുരയിൽ, ചിറ്റാർ എന്ന വ്യക്തിയുടെ ഉടമസ്ഥതയിൽ നിർമ്മിച്ചിരിക്കുന്ന കെട്ടിടത്തിനെ സംബന്ധിച്ച യാതൊരു വിവരവും ഗ്രാമപഞ്ചായത്തിന്റെ രേഖകളിൽ ലഭ്യമല്ല. ടി കെട്ടിടത്തിന്റെ സെല്ലാർ ഏരിയയിലുള്ള രണ്ട് ഹാളുകൾക്ക് മാത്രമാണ് നിലവിൽ നികുതി ഒടുക്കുന്നത് (ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച മറുപടി പ്രകാരം 2268 രൂപ). അസസ്മെന്റ് രജിസ്റ്ററിൽ III/295, III/296 എന്നീ നമ്പരുകൾ എഴുതി ചേർത്തിട്ടുണ്ടെന്നതല്ലാതെ കെട്ടിടത്തിന്റെ ഉടമസ്ഥന്റെ വിവരമോ കെട്ടിടത്തിന്റെ വിശദവിവരങ്ങളോ കെട്ടിട നികുതിയോ രേഖപ്പെടുത്തിയിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിലും കെട്ടിടനികുതി പുനർനിർണ്ണയിച്ചതിന്റെ വിവരങ്ങൾ ലഭ്യമല്ല. വാണിജ്യാവശ്യത്തിനുള്ള ഈ കെട്ടിടത്തിന്റെ നിർമ്മാണത്തിന് നിയമാനുസൃതമായി പെർമിറ്റ് എടുത്തതിന്റെ വിവരങ്ങളോ നിർമ്മാണം ക്രമവൽക്കരിച്ചതിന്റെ വിവരങ്ങളോ ലഭ്യമല്ല. എൽ.എസ്.ജി.ഡി വിഭാഗം ഓവർസിയർ, ഓഡിറ്റിന്റെ നിർദ്ദേശപ്രകാരം സ്ഥലപരിശോധന നടത്തി തയ്യാറാക്കി നൽകിയ രേഖകൾ പ്രകാരം കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണം ചുവടെ ചേർക്കുന്നു.

| | |
|---|---|
| സെല്ലാർ ഏരിയ | 227.4 $m^2$ |
| താഴത്തെ നില | 227.4 $m^2$ |
| ഒന്നാം നില | 227.4 $m^2$ |

| | |
|---|---|
| | |
| രണ്ടാം നില | 227.4 $m^2$ |
| ആകെ | 909.6 $m^2$ |

2014-ലെ കേരള പഞ്ചായത്ത് ബിൽഡിംഗ് (അനധികൃത നിർമ്മാണങ്ങളുടെ ക്രമവൽക്കരണം) ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മണങ്ങൾ ക്രമവൽക്കരിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിക്കുകയും 2015-ലെ ഭേദഗതി ചട്ടങ്ങൾ പ്രകാരം അനധികൃത നിർമ്മാണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയ പരിധി 30.06.2015വരെ ദീർഘിപ്പിച്ച് നൽകുകയും ചെയ്തിരുന്നു. കൂടാതെ 13.02.2015-ലെ 81777/RA1/ 2014/ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം, നിശ്ചിത കാലാവധിക്കുള്ളിൽ അനധികൃത നിർമ്മണങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷ സമർപ്പിക്കാത്ത എല്ലാ നിർമ്മാണങ്ങൾക്കെതിരെയും നിലവിലുള്ള ആക്ടിലേയും, കെട്ടിട നിർമ്മാണ ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് അനുസൃതമായി പഞ്ചായത്ത് സെക്രട്ടറിമാർ നടപടി സ്വീകരിക്കണമെന്നും നിർദ്ദേശിച്ചിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ല.

ടി കെട്ടിടത്തിന്റെ നിർമ്മാണം സംബന്ധിച്ച് ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ നിന്ന് അടിയന്തിരമായി റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും, നിർമ്മാണം 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് നിയമം 235(ഡബ്ല്യു) വകുപ്പ് പ്രകാരം സെക്രട്ടറിക്ക് ക്രമവൽക്കരിക്കുവാൻ അധികാരമില്ലാത്തതാണെങ്കിൽ, അനധികൃത നിർമ്മാണത്തിന് എതിരെ നടപ്പിലാക്കേണ്ട തുടർനടപടികൾ സ്വീകരിക്കേണ്ടതുമാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ടിനോ അതിനുകീഴിൽ ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങളിലോ പറഞ്ഞിട്ടുള്ള മാനദണ്ഡങ്ങളോ നിർദ്ദേശങ്ങളോ ലംഘിക്കുന്നതല്ലെങ്കിൽ സെക്രട്ടറി സർക്കാർ നിർദ്ദേശിക്കുന്ന രാജിയാക്കൽ ഫീസ് ഈടാക്കിക്കൊണ്ട് നിർമ്മാണം ക്രമവൽക്കരിച്ച് വസ്തുനികുതി നിർണ്ണയിച്ച് നൽകുവാൻ, ആയതിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കേണ്ടതാണ്.

## (2-2) വസ്തുനികുതി-വൻതുക കുടിശ്ശിക

ഓഡിറ്റ് വർഷത്തെ കണക്കുകൾ പ്രകാരം 3515333 രൂപ വസ്തുനികുതി ഇനത്തിൽ കുടിശ്ശികയുണ്ട്. മൊബൈൽ ടവറുകളുടേതുൾപ്പെടെ വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുവാനവശേഷിക്കുന്നു. നികുതി കുടിശ്ശികക്കാർക്കെതിരെ 1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി നിർണ്ണയവും ഈടാക്കലും അപ്പീലും ചട്ടങ്ങൾ) ചട്ടം-14,15പ്രകാരം നടപടികൾ ആരംഭിക്കേണ്ടതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 243 പ്രകാരം നികുതി ഈടാക്കുന്നതിനായി ജപ്തി, വ്യവഹാരം, പ്രോസിക്യൂഷൻ നടപടി ആദ്യമായി ആരംഭിക്കാൻ നിയമാനുസൃതം യോഗ്യമായ തീയതിമുതൽ മൂന്നു വർഷക്കാലയളവിൽ ജപ്തിയോ വ്യവഹാരമോ പ്രോസിക്യൂഷനോ ആരംഭിക്കാത്ത പക്ഷം ആയത് കാലഹരണപ്പെട്ട് പോകുന്നതാണ്. ഇപ്രകാരം പഞ്ചായത്തിന് കിട്ടേണ്ട ഏതെങ്കിലും നികുതിയോ മറ്റ് സംഖ്യയോ കാലഹരണം മൂലം പിരിച്ചെടുക്കാൻ കഴിയാതെ വന്നാൽ, ആയത് ഏതെങ്കിലും ഉദ്യോഗസ്ഥന്റെ വീഴ്ചമൂലമാണെങ്കിൽ പഞ്ചായത്തിനുണ്ടായ നഷ്ടം 12% പലിശ സഹിതം ആയതിന് ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കേണ്ടതാണെന്ന് സെക്ഷൻ 243(3)-ൽ വ്യക്തമാക്കിയിട്ടുണ്ട്. നികുതി കുടിശ്ശികയുടെ പിരിവ് ഊർജിതമാക്കുന്നതിന് സ്പെഷ്യൽ ഡ്രൈവുകൾ (ക്യാമ്പ് കളക്ഷൻ പോലുള്ളവ) സംഘടിപ്പിക്കേണ്ടതും അടിയന്തിര നടപടികൾ സ്വീകരിച്ച് കുടിശ്ശികത്തുക പൂർണ്ണമായി പിരിച്ചെടുക്കേണ്ടതുമാണ്.

## (2-3) വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തീകരിച്ചിട്ടില്ല

14-01-2011 ലെ സ.ഉ.(അ).നം. 19/11/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളും 13-3-2013 ലെ സ.ഉ.(പി). നം. 88/13/തസ്വഭവ നംപർ ഉത്തരവ് പ്രകാരം കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങളും പുറപ്പെടുവിച്ചിരുന്നു. ഗ്രാമപ്പഞ്ചായത്തുകളിലെ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് 24-2-2015 ലെ സ.ഉ.(അ) നംപർ 36/2015/തസ്വഭവ ആയി ഭേദഗതിയും പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിലെ രേഖകൾ പരിശോധിച്ചതിൽ ആകെയുള്ള 5454 കെട്ടിടങ്ങളിൽ 5270കെട്ടിടങ്ങളുടെ ഫോം 6ഡേറ്റാ എൻട്രി പൂർത്തിയായി. 3016 കെട്ടിടങ്ങളുടെ ഡിമാന്റ് നോട്ടീസ് ആണ് അയച്ചിട്ടുള്ളത്. 3622എണ്ണം ഡിജിറ്റൽ സിഗ്നേച്ചർ ചെയ്തിട്ടുണ്ട്. വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ വസ്തുനികുതി മാനുവൽ ആയി ചെയ്ത എല്ലാ അസ്സസ്സ് മെന്റുകളുടേയും ഫോറം 6 ചെയ്തുവെന്നത് ഉറപ്പാക്കേണ്ടതുണ്ട്.

1-4-2013 മുതൽ പുതുക്കിയ നിരക്കിൽ വസ്തു നികുതി ഈടാക്കുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ സംബന്ധിച്ച നിർദ്ദേശങ്ങൾ 16-12-2015 ലെ സ.ഉ.(എം.എസ്) നംപർ 358/15/തസ്വഭവ ആയി സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതനുസരിച്ച് 'സഞ്ചയ' സോഫ്റ്റ് വെയറിന്റെ ഡാറ്റാബേസിലുള്ള വിവരങ്ങൾക്ക് ആവശ്യമായ മാറ്റം അടിയന്തിരമായി വരുത്തണമെന്നും നികുതി നിർണ്ണയ നടപടികൾ 2015 ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി പുനർ നിർണ്ണയിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചിട്ടില്ല. കെട്ടിട നികുതി ഡിമാന്റ് പൂർത്തീകരിക്കാത്തത് മൂലം അരിയർ ഡിമാന്റ്, കളക്ഷൻ പോസ്റ്റിംഗ് മുതലായവയും പാതി വഴിയിലാണ്. എല്ലാ കെട്ടിടങ്ങളുടേയും ഡേറ്റാ എൻട്രി പൂർത്തിയായിട്ടുണ്ടെന്നത് വാർഡുകളുടെ ചുമതലയുള്ള ക്ലാർക്കുമാർ ഉറപ്പാക്കേണ്ടതും വസ്തു നികുതി പരിഷ്കരണ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## (2-4) സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും തൊഴിൽ നികുതി ഈടാക്കുന്നില്ല

1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204, 1996-ലെ കേരളാ പഞ്ചായത്ത് രാജ് തൊഴിൽ നികുതി ചട്ടം 4,5 എന്നിവ പ്രകാരം ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഇതുപ്രകാരം താഴെപ്പറയുന്ന സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഈടാക്കേണ്ട തൊഴിൽനികുതി | |
|---|---|---|
| | ഒന്നാം അർദ്ധവർഷം | രണ്ടാം അർദ്ധവർഷം |
| സിജി ഫിനാൻസിയേഴ്സ്, വയ്യാറ്റുപുഴ | 1250 | 1250 |
| തേക്കുംകൽ ഫിനാൻസ്, ചിറ്റാർ | 1250 | 1250 |
| മേമന ഫിനാൻസിയേഴ്സ്, | 1250 | 1250 |

| | | |
|---|---|---|
| ചിറ്റാർ | | |

സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽനികുതി ഇനത്തിൽ ഈടാക്കുവാനുള്ള തുക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്ത് പരിധിയിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടമെന്ന നിലയിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ ഉടമസ്ഥരോട്, അത്തരം കെട്ടിടങ്ങളിൽ വ്യാപാരം നടത്തുന്നവരിൽ നിന്ന് തൊഴിൽ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനായി, കെട്ടിടം ഉപയോഗിക്കുന്നവരുടെ ലിസ്റ്റ് ആവശ്യപ്പെട്ട് നോട്ടീസ് നൽകാവുന്നതാണെന്ന് 1994-ലെ കേ.പ.രാ.ആക്ട് സെക്ഷൻ 205(ബി) പ്രകാരം വ്യക്തമാക്കിയിട്ടുണ്ട്. ഈ നിർദ്ദേശം ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുള്ള 160 വ്യാപാര സ്ഥാപനങ്ങളുടെ ഉടമസ്ഥരോടോ അവരുടെ പ്രതിനിധികളോടോ, 1994-ലെ കേ.പ.രാ.ആക്ട് സെക്ഷൻ 205(സി) പ്രകാരം അത്തരം സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരുടെ പേര് വിവരം അടങ്ങിയ ലിസ്റ്റ് അവരുടെ ശമ്പളം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് സഹിതം സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് നോട്ടീസ് നൽകാവുന്നതാണെന്ന നിർദ്ദേശവും ഗ്രാമപഞ്ചായത്ത് നടപ്പിലാക്കിയിട്ടില്ല. ആയത് കാരണം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല. അപാകതകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തൊഴിൽനികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ എല്ലാവരിൽ നിന്നും തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

## (2-5) വിമുക്തഭടന്മാർക്ക് അനധികൃതമായി വസ്തുനികുതി ഇളവ് അനുവദിച്ചു

വിമുക്തഭടന്മാർ/അവരുടെ വിധവകൾ/അംഗവൈകല്യം സംഭവിച്ച ജവാന്മാർ/ജവാന്മാരുടെ വിധവകൾ എന്നിവരുടെ യഥാർത്ഥ താമസാവശ്യത്തിനായി ഉപയോഗിക്കുന്ന സ്വന്തം പേരിലുള്ളതോ അവരുടെ ഭാര്യമാരുടെ പേരിലുള്ളതോ ആയ ഭവനത്തെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ജി.ഒ.(എം.എസ്സ്)നം.242/2013/ത.സ്വ.ഭ.വ., തീയതി 02/07/2013 നമ്പർ ഉത്തരവ് പ്രകാരം മേൽ ഇളവിന് സർക്കാർ ചില നിബന്ധനകൾ നിഷ്കർഷിക്കുകയും ഇളവ് അനുവദിക്കാവുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണത്തിന്റെ പരിധി 2000 ചതുരശ്ര അടിയായി (185.8 ച.മീ) നിജപ്പെടുത്തുകയും ചെയ്തിരുന്നു. ഇത് സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന വിമുക്തഭടൻമാരുടെ വാസഗൃഹങ്ങളുടെ തറവിസ്തീർണ്ണം നിശ്ചിത പരിധി ലംഘിച്ചിട്ടും ഈ കെട്ടിടങ്ങൾക്ക് 2015-16 സാമ്പത്തിക വർഷം വസ്തുനികുതി ഇളവ് അനുവദിച്ച് നൽകിയിട്ടുള്ളതായി കണ്ടു.

| ക്രമ നം | പേര്, മേൽവിലാസം | തറ വിസ്തീർണ്ണം | നികുതി നിർണ്ണയിച്ചത് | | |
|---|---|---|---|---|---|
| | | | വസ്തു നികുതി | ലൈബ്രറി സെസ്സ് | ആകെ |
| 1 | അനിൽ കുമാർ, സുരഭി, ചിറ്റാർ, XII/171 | 228.19 $m^2$ | 1757 | 88 | 1845 |

| | | | | | |
|---|---|---|---|---|---|
| 2 | തോമസ് വർഗ്ഗീസ്, മാവേലിൽ, കാരികയം, XIII/14 | 238 $m^2$ | 1666 | 84 | 1750 |
| | ആകെ | | | | 3595 |

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി വസ്തുനികുതി ഇളവ് അനുവദിച്ച മേൽ കെട്ടിടങ്ങൾക്ക് നികുതി ചുമത്തി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്. അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിന്റെ നഷ്ടമായി കണക്കാക്കി ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്ന് ഈടാക്കുവാൻ നടപടി സ്വീകരിക്കുന്നതാണ്.

## (2-6) പരസ്യനികുതി പിരിക്കുന്നില്ല

1994- ലെ കേരള പഞ്ചായത്ത് രാജ് നിയമം 209-ാം വകുപ്പ് പ്രകാരം, പഞ്ചായത്ത് പ്രദേശത്ത് പ്രദർശിപ്പിക്കുന്ന പരസ്യങ്ങളിൻമേൽ ഗ്രാമപഞ്ചായത്തിനു നികുതി പിരിക്കാവുന്നതും, 209(ഡി) വകുപ്പ് പ്രകാരം നികുതി പിരിക്കുവാനുള്ള അവകാശം, ഇതേ നിയമത്തിലെ 256-ാം വകുപ്പ് പ്രകാരം ഉണ്ടാക്കിയ ബൈലാകളിൽ വ്യവസ്ഥ ചെയ്യപ്പെടാവുന്ന ഉപാധികളിന്മേലും നിബന്ധനകളിന്മേലും ഒരു പ്രാവശ്യം ഒരു വർഷത്തിൽ കവിയാത്ത ഏതൊരു കാലത്തേക്കും കുത്തകയ്ക്ക് കൊടുക്കാവുന്നതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് ഡയറക്ടറുടെ 18.05.2005-ലെ സി-5-15253/04 ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാതൃകാ ബൈലോയുടെ അടിസ്ഥാനത്തിൽ ബൈലോ രൂപീകരിച്ച് അംഗീകാരം വാങ്ങി പരസ്യ നികുതി പിരിച്ച് തനതു വരുമാനത്തിലേക്കു മുതൽ കൂട്ടുന്നതിനു ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് ഓഡിറ്റിൽ വിശദീകരിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് നൽകിയ മറുപടിയിൽ, പരസ്യനികുതി ബൈലോ രൂപീകരിക്കുന്നതിന് 31.10.2016-ലെ IX(1)-ാം നമ്പരായി തീരുമാനം എടുത്തിട്ടുണ്ടെന്ന് അറിയിച്ചു. നിയതമായ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ രൂപീകരിക്കുന്ന ബൈലാ ഉപയോഗിച്ചുള്ള പരസ്യ നികുതി പിരിവിലൂടെ പഞ്ചായത്തിനു തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനും അനധികൃത പരസ്യങ്ങൾ ഒഴിവാക്കുന്നതിനും നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## (2-7) രജിസ്ട്രേഷനില്ലാതെ ലോഡ്ജുകളും, റിസോർട്ടുകളും പ്രവർത്തിക്കുന്നു

1955-ലെ തിരുവിതാംകൂർ-കൊച്ചി പബ്ലിക്ക് ഹെൽത്ത് ആക്ട് സെക്ഷൻ 107 പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന എല്ലാ ലോഡ്ജുകളും ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും സെക്ഷൻ 109 പ്രകാരം ഓരോ വർഷവും രജിസ്ട്രേഷൻ പുതുക്കേണ്ടതും സെക്ഷൻ 108 പ്രകാരം ഇതു സംബന്ധിച്ച ഒരു രജിസ്റ്റർ സെക്രട്ടറി സൂക്ഷിക്കേണ്ടതുമാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്സ് മെന്റ് രജിസ്റ്റർ പ്രകാരം ലോഡ്ജുകളായി പ്രവർത്തിക്കുന്നതിന് അനുമതി കിട്ടിയ താഴെ ചേർക്കുന്ന വ്യക്തികളുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങൾ നിയമാനുസരണമുള്ള രജിസ്ട്രേഷൻ എടുക്കാതെയാണ് പ്രവർത്തിക്കുന്നത്.

| ക്രമ നം | ഉടമസ്ഥന്റെ പേര് | വാർഡ് നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | ശ്രീ സോമൻ, പുലിവാരത്തിങ്കൽ, ചിറ്റാർ | XII/756മുതൽ XII/759 വരെ |
| 2 | ശ്രീ ഐസക്ക്, നിറയന്നൂർ, വയ്യാറ്റുപുഴ | VIII/502 മുതൽ VIII/504 വരെ |

1965-ലെ കേരള പ്ലെയ്സസ് ഓഫ് പബ്ളിക് റിസോർട്ട് ചട്ടങ്ങളിലെ ചട്ടം 27, 28 പ്രകാരം പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റിസോർട്ടുകൾ ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതും എല്ലാ വർഷങ്ങളിലും രജിസ്ട്രേഷൻ പുതുക്കേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാർഡ് 13-ൽ 43 മുതൽ 47 വരെ നമ്പർ കെട്ടിടങ്ങൾക്ക്, അവഗാമ, കാരികയം എന്ന പേരിൽ റിസോർട്ടായി പ്രവർത്തിക്കുന്നതിന് അനുമതി നൽകിയതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പ്രസ്തുത റിസോർട്ട് മേൽ വിവരിച്ച ചട്ടപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ല.

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ലോഡ്ജുകളും റിസോർട്ടുകളും നിയമാനുസരണമുള്ള രജിസ്ട്രേഷൻ എടുക്കുന്നുണ്ടെന്നും ഓരോ വർഷവും അത് പുതുക്കുന്നുണ്ടെന്നും അധികൃതർ ഉറപ്പുവരുത്തേണ്ടതാണ്.

## (2-8) അനധികൃതമായി ഇറച്ചി വ്യാപാരം നടത്തുന്നു

1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങൾ ചട്ടം 40 പ്രകാരം, ഇറച്ചിക്കടകളിൽ വിൽപ്പനയ്ക്കായി വച്ചിരിക്കുന്ന ഇറച്ചി, പൊതു കശാപ്പുശാലയിൽ വച്ചോ അല്ലെങ്കിൽ ആക്ടിലെ 230-ാം വകുപ്പ് പ്രകാരം ലൈസൻസ് ലഭിച്ചിട്ടുള്ള കശാപ്പുശാലയിൽ വച്ചോ കശാപ്പ് ചെയ്ത മൃഗത്തിന്റേത് ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ഫോറം നമ്പർ 1-ൽ ലഭിച്ച ബുച്ചർ ലൈസൻസ് നേടിയിട്ടില്ലാത്തവർ കശാപ്പ് നടത്തുന്ന യാതൊരു അനധികൃത കശാപ്പ് ശാലകളും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുവാൻ അനുവദിക്കരുതെന്നും എല്ലാ അനധികൃത ഇറച്ചി വിൽപ്പന ശാലകളും അടച്ചു പൂട്ടണമെന്നും ബഹുമാനപ്പെട്ട ഹൈക്കോടതി വിധിന്യായങ്ങളിൽ വ്യക്തമാക്കിയിട്ടുണ്ട് (WP(C) നം.13805/04, 37093/04, 7000/05, 2991, 3923, 8233, 9297, & 12998/06, 704/09 & 6031/09). എന്നാൽ മേൽ നിർദ്ദേശങ്ങളെ ലംഘിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ അനധികൃത കശാപ്പുശാലകൾ പ്രവർത്തിക്കുകയും ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പബ്ലിക്ക് മാർക്കറ്റിനുള്ളിൽ അനധികൃതമായി ഇറച്ചി വിൽപ്പന നടക്കുകയും ചെയ്യുന്നതായി ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു.

അനധികൃത അറവുശാലകളിൽ നിന്നുള്ള മാലിന്യങ്ങൾ ശരിയായ രീതിയിൽ നിർമ്മാർജ്ജനം ചെയ്യാത്തതിനാൽ അവ ഗുരുതരമായ ആരോഗ്യ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നു. ആധുനിക അറവുശാല സ്ഥാപിക്കുക എന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയിൽപ്പെട്ട കാര്യമാണ്. കൂടാതെ 17.09.2009-ലെ 1173/ഡി.ബി.എസ്./09/ത.സ്വ.ഭ.വ നമ്പർ സർക്കാർ ഉത്തരവിൽ അംഗീകൃത അറവുശാലകൾ ഇല്ലാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടിയന്തിരമായി അവരുടെ അധികാര പരിധിക്കുള്ളിൽ വൃത്തിയും ശുചിത്വവുമുള്ള ആധുനിക അറവുശാലകൾ സ്ഥാപിക്കണമെന്ന് വ്യക്തമാക്കിയിട്ടുമുണ്ട്. ആധുനിക അറവുശാല സ്ഥാപിക്കുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമ പ്രകാരം മൃഗങ്ങളുടെ കശാപ്പ്, വില്പന എന്നിവ നിയന്ത്രിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ അനിവാര്യ ചുമതലയാണ്. മനുഷ്യന്റെ ആരോഗ്യത്തിന്

മതിയായ സംരക്ഷണം ഉറപ്പാക്കുന്നതിന് പകർച്ചവ്യാധികളോ മറ്റ് രോഗങ്ങളോ ഇല്ലെന്ന് വെറ്ററിനറി സർജ്ജൻ സാക്ഷ്യപ്പെടുത്തിയ മൃഗങ്ങളെ അംഗീകൃത അറവ് ശാലകളിൽ മാത്രം കശാപ്പ് ചെയ്ത് ഇറച്ചിക്കടകൾ വഴി വിൽപ്പന നടത്തുവാൻ പാടുള്ളൂവെന്ന് നീതിപീഠം ഉത്തരവായിട്ടുണ്ട്. മതിയായ സാധ്യതാ പഠനം നടത്തി ഒന്നിലധികം ഗ്രാമപഞ്ചായത്തുകളോ ത്രിതല പഞ്ചായത്തുകൾ സംയുക്തമായോ ആധുനിക അറവുശാലകൾ സ്ഥാപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി സജീവ പരിഗണന നൽകേണ്ടതാണ്.

## (2-9) മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ.(ആർ.റ്റി)നം.19/2011/ത.സ്വ.ഭ.വ., തീയതി 14.01.2011 പ്രകാരം മൊബൈൽ ടവറുകൾക്ക് ബാധകമായ വസ്തുനികുതി ച.മീറ്ററിന് 400 മുതൽ 500 രൂപ വരെയാണ്. ഗ്രാമപ്പഞ്ചായത്ത് കമ്മിറ്റിയുടെ 22.11.2011 ലെ I(1)-നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് പ്രദേശത്ത് മൊബൈൽ ടവറുകളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 500 രൂപയായി നിശ്ചയിച്ചിട്ടുണ്ട്. ആകെയുള്ള 11 മൊബൈൽടവറുകളിൽ 6 എണ്ണം 2015-16 വരെ കാലയളവിലെ പരിഷ്കരിച്ച വസ്തുനികുതി ഒടുക്കിയിട്ടുണ്ട്. വസ്തുനികുതി ഒടുക്കുവാൻ അവശേഷിക്കുന്ന മൊബൈൽടവറുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | ടവറിന്റെ വിവരം | കെട്ടിട നമ്പർ | പരിഷ്കരിച്ച വസ്തുനികുതി | കുടിശ്ശിക കാലയളവ് | ആകെ തുക |
|---|---|---|---|---|---|
| 1 | ബി.എസ്.എൻ.എൽ ടവർ | II/633 | 14300 + 715 (LC) | 2013-14 to 2015-16 | 45045 |
| 2 | ബി.എസ്.എൻ.എൽ ടവർ | III/564 | 11000 + 500 (LC) | 2013-14 to 2015-16 | 34500 |
| 3 | ഇൻഡസ് ടവർ | VIII/495 | 11000 + 550 (LC) | 2013-14 to 2015-16 | 34650 |
| 4 | ബി.എസ്.എൻ.എൽ ടവർ | IX/362 | 9000 + 450 (LC) | 2013-14 to 2015-16 | 28350 |
| 5 | ഇൻഡസ് ടവർ | XIII/11 | 7500 + 375 (LC) | 2014-15 & 2015-16 | 15750 |

| | | | | | |
|---|---|---|---|---|---|
| | ആകെ | | | | 158295 |

മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക അടിയന്തിരമായി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## (2-10) മാർക്കറ്റ് ഫീസ് പിരിവ്- നിരക്ക് പ്രദർശിപ്പിക്കുന്നില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 221 പ്രകാരം, പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള പൊതു മാർക്കറ്റിലെ ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള അവകാശം, 1996-ലെ കേരള പഞ്ചായത്ത് രാജ് (പൊതു മാർക്കറ്റുകളുടേയും സ്വകാര്യ മാർക്കറ്റുകളുടേയും നിയന്ത്രണവും ലൈസൻസ് നൽകലും) ചട്ടങ്ങൾ ചട്ടം 19-ൽ നിർദ്ദേശിച്ചിരിക്കുന്ന തരത്തിൽ ഒരു വർഷക്കാലത്തേക്ക് ലേലം ചെയ്ത് നൽകിയിട്ടുണ്ട്. പൊതു മാർക്കറ്റിൽ നിന്ന് പിരിക്കാവുന്ന പരമാവധി ഫീസ് ചട്ടം 8 പ്രകാരമുള്ള പട്ടികയിൽ പറയുന്ന നിരക്കിൽ കവിയാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. ചട്ടം 17 പ്രകാരം പൊതു മാർക്കറ്റിന്റെ കാര്യത്തിൽ പഞ്ചായത്ത് 8-ാം ചട്ടപ്രകാരം നിശ്ചയിച്ച ഫീസ് നിരക്കുകൾ മാർക്കറ്റിൽ ശ്രദ്ധയമായ സ്ഥലത്ത് ഒരു നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതുമാണ്. എന്നാൽ ചട്ടപ്രകാരമുള്ള ഫീസ് നിരക്ക് ലേല നോട്ടീസിലോ മാർക്കറ്റിനുള്ളിലോ പ്രദർശിപ്പിച്ചിട്ടില്ല. ഇത് കരാറുകാരൻ അമിത നിരക്ക് ഈടാക്കി വ്യാപാരികളെ ചൂഷണം ചെയ്യുന്നതിന് കാരണമാകും. ആകയാൽ ചട്ടത്തിൽ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ മാർക്കറ്റ് ഫീസ് നിരക്ക് മാർക്കറ്റിനുള്ളിൽ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## (2-11) അനധികൃത കെട്ടിട നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള അനധികൃത നിർമ്മാണങ്ങളെക്കുറിച്ച് വിശദമായ വിവരങ്ങൾ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ സൂക്ഷിക്കേണ്ടതും ചട്ടലംഘനം പരിഹരിച്ച ശേഷം നിർമ്മാണം ക്രമവൽക്കരിക്കുമ്പോൾ ബന്ധപ്പെട്ട രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതും പൊതുജനങ്ങൾ കാണംവിധം പ്രസിദ്ധീകരിക്കേണ്ടതുമാണെന്നും സെക്രട്ടറി ഓരോ മാസത്തിന്റേയും അവസാനത്തെ ആഴ്ചയിൽ പ്രസ്തുത രജിസ്റ്റർ പരിശോധിച്ച് അനധികൃത നിർമ്മാണത്തിന്മേൽ തുടർ നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും, പരിശോധന നടത്തിയ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതുമാണെന്നും 19.05.2014-ലെ 29342/ആർ.എ.1/2014/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് ദിനംപ്രതി വർദ്ധിച്ചുവരുന്ന അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനകളിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് മേൽ നിർദ്ദേശം പുറപ്പെടുവിച്ചത്. അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് കളം ഒരുക്കുന്നു. ഈ സാഹചര്യം ഒഴിവാക്കുന്നതിന് സർക്കുലറിലെ നിർദ്ദേശപ്രകാരം നടപടി കൈക്കൊള്ളേണ്ടതാണ്.

## (2-12) കെട്ടിടങ്ങളുടെ ഉപയോഗ ക്രമത്തിലെ മാറ്റങ്ങൾക്കനുസൃതമായി വസ്തു നികുതി ഈടാക്കുന്നില്ല - പഞ്ചായത്തിന് വരുമാന നഷ്ടം

പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം നൽകിയിട്ടുള്ള ഡി&ഒ ലൈസൻസുകൾ പരിശോധിച്ചതിൽ പല ലൈസൻസ് അപേക്ഷകളുടേയും കൂടെ സമർപ്പിച്ച കെട്ടിട നികുതി അടവാക്കിയ രസീതുകൾ പ്രകാരം വളരെയധികം വാണിജ്യ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ഗാർഹികാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളിലാണ്. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ലൈസൻസ് എടുത്ത വ്യക്തിയുടെ പേരും വിലാസവും | വാണിജ്യ സ്ഥാപനത്തിന്റെ പേര് | സ്ഥാപനം പ്രവർത്തിക്കുന്ന കെട്ടിടം സ്ഥിതി ചെയ്യുന്ന വാർഡ് | കെട്ടിട നമ്പർ | നിലവിൽ ഈടാക്കുന്ന കെട്ടിട നികുതി |
|---|---|---|---|---|
| ശ്രീ.ശാമുവൽ വർഗ്ഗീസ്, മേമന പുത്തൻ വീട് | മേമന റബ്ബർ സ്റ്റോഴ്സ് | III | 434 | 104 |
| സന്തോഷ് കുമാർ, സന്തോഷ് വിഹാർ, മണിയാർ.പി.ഒ | സന്തോഷ് റൈസ് & ഫ്ലോർ മിൽ | XII | 528 | 35 |
| നൂറുദ്ദീൻ.പി.ജെ, പതാലിൽ വീട് | ചിറ്റാർ ഹോളോ ബ്രിക്സ് | III | 313B | 682 |
| പി.റ്റി.മത്തായി, പുത്തൻവീട്, നീലിപ്ലാവ് | മേമന ഹാർഡ് വെയേഴ്സ് | VII | 29A | 681 |
| രാജൻ തോമസ്, മാംപ്ലാക്കൽ, വയ്യാറ്റുപുഴ | ഫാബ്രിക്കേഷൻ & വെൽഡിംഗ് വർക്സ് | VII | 339 | 206 |

ഇങ്ങനെ താമസാവശ്യത്തിനെന്നപോലെ നികുതി നിർണ്ണയിച്ച് വാണിജ്യാവശത്തിന് കെട്ടിടങ്ങൾ ഉപയോഗിക്കുന്നതിനാൽ പഞ്ചായത്തിന് വൻ വരുമാന നഷ്ടം ഉണ്ടാവുന്നുണ്ട്. കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം ഉപയോഗക്രമത്തിലുള്ള വ്യതിയാനം കെട്ടിട ഉടമകൾ 30 ദിവസത്തിനകം രേഖാമൂലം സെക്രട്ടറിയെ അറിയിക്കേണ്ടതും 203-ാം വകുപ്പ്, ഉപവകുപ്പ് 16(2), (3) എന്നിവ പ്രകാരം ഒരു കെട്ടിടത്തിന് ബാധകമായ അടിസ്ഥാന വസ്തുനികുതി കെട്ടിടത്തിന്റെ ഉപയോഗക്രമത്തിനനുസരിച്ച് മാറ്റമുണ്ടാകുകയാണെങ്കിൽ അതിനനുസൃതമായ ഇളവുകളും വർദ്ധനവുകളും കണക്കിലെടുത്ത് കെട്ടിടത്തിന്റെ വാർഷിക വസ്തുനികുതി സെക്രട്ടറി പുതുക്കി നിശ്ചയിക്കേണ്ടതാണ്.

ഇപ്രകാരം ഉപയോഗക്രമ വ്യതിയാനമുള്ള കെട്ടിടങ്ങൾ കണ്ടെത്തുകയും അതുമൂലമുള്ള വരുമാന നഷ്ടം

നിജപ്പെടുത്തി ഈടാക്കുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുമാണ്.

## (2-13) സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനത്തിന്റെ വസ്തുനികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന അൺ എയ്ഡഡ് സ്കൂളുകളായ ഹോളി ഫാമിലി പബ്ലിക് സ്കൂൾ, ഈട്ടിച്ചുവട് (കെട്ടിട നം. 5/236), ലിറ്റിൽ ഏഞ്ചൽസ് ഇംഗ്ലീഷ് മീഡിയ സ്കൂൾ, ചിറ്റാർ (കെട്ടിട നം.12/685, 686) വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല. കേരള പഞ്ചായത്ത് രാജ് നിയമത്തിൽ വരുത്തിയ ഭേദഗതിയോടെ അംഗീകൃത അൺ എയ്ഡഡ് സ്ഥാപനങ്ങൾ നികുതി ഒഴിവാകാൻ അർഹരല്ല. ആയതിനാൽ 2011 ജനുവരി മുതലുള്ള വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതായിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കാത്തതിനാൽ ഗ്രാമപഞ്ചായത്തിന് വൻ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ട് [സ്വാശ്രയ സ്ഥാപനങ്ങളിൽനിന്നും വസ്തുനികുതി ഈടാക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്, 11.10.15-ൽ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട് (നം.ആർ.സി.2/2976 /2015/ത.സ്വ.ഭ.വ.)]. മുൻകാല പ്രബല്യത്തിൽ ടി സ്ഥാപനത്തിന്റെ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## (2-14) തനത് ഫണ്ട് അക്കൗണ്ടിന് പലിശ ലഭിക്കുന്നില്ല

ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് സൂക്ഷിച്ചിരിക്കുന്ന സൗത്ത് മലബാർ ഗ്രാമീൺ ബാങ്കിലുള്ള സേവിംഗ്സ് ബാങ്ക് അക്കൗണ്ടിന് (അക്കൗണ്ട് നം.101001006) പലിശ ലഭിക്കുന്നില്ല. ഈ അക്കൗണ്ടിലെ ശരാശരി പ്രതിമാസ നീക്കിയിരിപ്പ് 8 ലക്ഷം രൂപയാണ്. നാല് ശതമാനം എസ്.ബി. പലിശ നിരക്ക് ലഭ്യമാകുകയാണെങ്കിൽ പോലും 32000 രൂപയിലധികം തുക പലിശ വരുമാനം ലഭിക്കേണ്ടതായിരുന്നു. ന്യായമായും ലഭിക്കേണ്ട പലിശ ലഭിക്കാതിരുന്നിട്ടും പഞ്ചായത്ത് അധികൃതർ നിഷ്ക്രീയത്വം പാലിക്കുകയാണുണ്ടായത്. ബാങ്ക് അധികൃതരുമായി ബന്ധപ്പെട്ട് പലിശ വരവ് ചെയ്ത് ലഭിക്കുന്നതിനാവശ്യമായ സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## (3-1) പ്രോജക്ടുകളുടെ ബാഹുല്യം പദ്ധതി നിർവ്വഹണത്തിന്റെ ഫലക്ഷമതയെ പ്രതികൂലമായി ബാധിക്കുന്നു

പ്രോജക്ടുകളുടെ ബാഹുല്യം ഗ്രാമപ്പഞ്ചായത്തിന്റെ പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമതയെയും, ഫലപ്രാപ്തിയെയും പ്രതികൂലമായി ബാധിക്കുന്നു. ഓഡിറ്റ് വർഷം (2015-16) 168 പ്രോജക്ടുകൾ ആവിഷ്കരിച്ചുവെങ്കിലും 128 പ്രോജക്ടുകൾ മാത്രമാണ് നടപ്പിലായത്. ഓഡിറ്റ് വർഷം 5.73 കോടി രൂപ വാർഷിക പദ്ധതികൾക്കായി വകയിരുത്തിയിരുന്നെങ്കിലും 3.07 കോടി രൂപ മാത്രമാണ് ചെലവിട്ടത് (ചെലവ് ശതമാനം 53.61). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 810350 | 509561 | 62.88 |

| | | | | | |
|---|---|---|---|---|---|
| വെറ്റിനറി സർജൻ | 7 | 7 | 4259460 | 2284040 | 53.62 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 5 | 4 | 1284500 | 1234300 | 96.09 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 201337 | 201337 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 2 | 2 | 550000 | 536709 | 97.58 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 7 | 7 | 2912500 | 1685000 | 57.85 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 25 | 12 | 2927675 | 1949410 | 66.59 |
| സെക്രട്ടറി | 14 | 7 | 1499755 | 498060 | 33.21 |
| ഹേഡ് മാസ്റ്റർ, ഗവ.എൽ.പി.എസ് | 4 | 4 | 575000 | 544990 | 94.78 |
| അസ്സിസ്റ്റന്റ് എൻജിനീയർ | 86 | 68 | 37124633 | 18839291 | 50.75 |
| അസ്സിസ്റ്റന്റ് സെക്രട്ടറി | 11 | 10 | 5232630 | 2477474 | 47.35 |
| ആകെ | 168 | 128 | 57377840 | 30760172 | 53.61 |

മുകളിൽ സൂചിപ്പിച്ചതിൻ പ്രകാരം മെഡിക്കൽ ഓഫീസർമാരും, ഹെഡ് മാസ്റ്ററും മാത്രമാണ് തൃപ്തികരമായ നിലയിൽ പദ്ധതി തുക ചെലവഴിച്ചിട്ടുള്ളത്. സെക്രട്ടറി, അസി.എഞ്ചിനീയർ, അസി.സെക്രട്ടറി എന്നിവരുടെ ചെലവ് ശതമാനം നിരാശാജനകമാണ്. മൊത്തം പദ്ധതി അടങ്കലിന്റെ 65 ശതമാനവും കൈകാര്യം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരുന്ന അസി. എഞ്ചിനീയർ പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിലും ഫണ്ട് ചെലവഴിക്കുന്നതിലും ഗുരുതര വീഴ്ചയാണ് വരുത്തിയിരുന്നത്. മൊത്തം ചെലവ് ശതമാനം 53.61 ശതമാനമായി കുറയുന്നതിന് അസി.എഞ്ചിനീയറുടെ ഭാഗത്തുനിന്നുള്ള വീഴ്ച കാരണമായി.

പശ്ചാത്തല മേഖലയിൽ അസി.എഞ്ചിനീയർ നടപ്പിലാക്കിയ ഭൂരിപക്ഷം റോഡ് നിർമ്മാണ പ്രോജക്ടുകളും 3 ലക്ഷം രൂപയിൽ താഴെ അടങ്കലുള്ളവയായിരുന്നു. കുറഞ്ഞ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ ഏറ്റെടുക്കുകയും, സാമ്പത്തിക വർഷത്തിന്റെ അന്ത്യംവരെ നിർമ്മാണ പ്രവർത്തികൾ വലിച്ചിഴയ്ക്കുകയും, അവസാന നാളുകളിൽ പദ്ധതിപ്പണം തിരക്കിട്ട് ചെലവഴിച്ച് തീർക്കുകയും ചെയ്യുന്ന രീതിയാണ് വർഷങ്ങളായി ഗ്രാമപഞ്ചായത്തിലെ എഞ്ചിനീയറിംഗ് വിഭാഗം അവലംബിച്ചു പോരുന്നത്. ഓഡിറ്റ് വർഷം അസി.എഞ്ചിനീയർ തന്റെ പദ്ധതി ചെലവിന്റെ 35 ശതമാനവും മാർച്ച് 31-നാണ് നടത്തിയിട്ടുള്ളത്.

വാർഡ് അടിസ്ഥാനത്തിൽ ഫണ്ട് വീതം വച്ച് ചെറിയ അടങ്കൽ തുകയുള്ള അസംഖ്യം പ്രോജക്ടുകൾ ആവിഷ്കരിക്കുന്നത് വിഭവ വിന്യാസത്തിന്റെ ഫലപ്രാപ്തിയെ സാരമായി ബാധിക്കും. ആയതിനാൽ പഞ്ചായത്തിനെ മൊത്തത്തിൽ ഒരു യൂണിറ്റായി കണ്ട് സമസ്ത മേഖലകളിലെയും ജനങ്ങളുടെ ആവശ്യങ്ങൾ

കണക്കിലെടുത്ത് സമഗ്ര പദ്ധതികൾ തയ്യാറാക്കുന്നതിന് ഭരണ സമിതി ശ്രദ്ധിക്കേണ്ടതാണ്.

## (3-2) നീർത്തട പദ്ധതികൾ നടപ്പാക്കുന്നതിൽ വീഴ്ച; പശ്ചിമഘട്ട വികസന പദ്ധതിക്ക് ലഭ്യമായ അരക്കോടി രൂപ നഷ്ടമായി

ചിറ്റാർ ഗ്രാമ പഞ്ചായത്തിലെ ചിറ്റാർത്തോട്, നീലിപിലാവ്, കൊട്ടുമുടി, മീൻകുഴി എന്നീ നീർത്തടങ്ങളുടെ സമഗ്രവികസനം ഉദ്ദേശിച്ച് കേന്ദ്രാവിഷ്കൃത പദ്ധതിയായ പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1.94 കോടി അടങ്കലുള്ള 4 പ്രോജക്ടുകൾ ആവിഷ്കരിച്ച് അംഗീകാരം വാങ്ങിയിട്ടുണ്ട്. രണ്ട് ഘട്ടങ്ങളിലായി ആവിഷ്കരിച്ച പദ്ധതികളുടെ നടത്തിപ്പിനായി കേന്ദ്രവിഹിതമായി 44.46 ലക്ഷം രൂപ ആദ്യ ഘട്ടത്തിലും 30.56 ലക്ഷം രൂപ രണ്ടാംഘട്ടത്തിലും ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. 2009-2012 കാലയളവിൽ നടപ്പിലാക്കുന്നതിന് ഉദ്ദേശിച്ച് തയ്യാറാക്കി അംഗീകാരം വാങ്ങിയ ആദ്യഘട്ടം ആരംഭിച്ചത് 2014-15-ലാണ്. രണ്ട് ഘട്ടങ്ങളുടേയും വരവ് ചെലവ് കണക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നീർത്തടത്തിന്റെ പേര് | പദ്ധതി അടങ്കൽ (2009-12) | കേന്ദ്രവിഹിതം ലഭിച്ചത് | തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം | ആകെ | ചെലവ് | ബാക്കി |
|---|---|---|---|---|---|---|---|
| 1 | ചിറ്റാർത്തോട് | 4023000 | 826000 | 103250 | 929250 | 929244 | 6 |
| 2 | നീലിപിലാവ് | 3534626 | 551000 | 68875 | 619875 | 619874 | 1 |
| 3 | കൊട്ടുമുടി | 8437563 | 1417000 | 177125 | 1594125 | 1069781 | 524344 |
| 4 | മീൻകുഴിത്തോട് | 3417752 | 1670000 | 208700 | 1878700 | 1044325 | 834375 |
| | ആകെ | 19412941 | 4464000 | 557950 | 5021950 | 3663225 | 1358726 |

രണ്ടാം ഘട്ടം

| ക്രമ നം. | നീർത്തടത്തിന്റെ പേര് | കേന്ദ്ര വിഹിതം ലഭിച്ചത് | തദ്ദേശഭരണ സ്ഥാപന വിഹിതം | ചെലവ് | ബാക്കി |
|---|---|---|---|---|---|
| 1 | ചിറ്റാർത്തോട് | 1752000 | | 0 | 1752000 |
| 2 | നീലിപിലാവ് | 424000 | | 0 | 424000 |
| 3 | കൊട്ടുമുടി | 0 | | 0 | 0 |
| 4 | മീൻകുഴിത്തോട് | 880000 | | 0 | 880000 |
| | ആകെ | 3056000 | 293650 | 0 | 3349650 |

ഈ പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുന്നതിൽ പഞ്ചായത്തിന് സാധിച്ചില്ല. പശ്ചിമഘട്ട

വികസന പദ്ധതി നിർത്തലാക്കിയതിനെ തുടർന്ന് ഈ പദ്ധതികൾക്കായി ലഭിച്ച കേന്ദ്ര വിഹിതത്തിൽ ഒന്നാം ഘട്ടം ചെലവഴിക്കാൻ ബാക്കി നിന്ന 1358726 രൂപയും രണ്ടാം ഘട്ടത്തിനായി ലഭ്യമായ 3349650 രൂപയും ആയതിന്റെ പലിശ 563988 ഉൾപ്പടെ ആകെ ലഭ്യമായ 5272364രൂപയിൽ ചെലവാകാൻ ബാക്കി നിന്ന പഞ്ചായത്ത് വിഹിതം 460255 രൂപ (രണ്ട് ഘട്ടങ്ങളിലേയും) കിഴിച്ച് 4812109 രൂപ തിരികെ ഒടുക്കേണ്ടിവന്നു. പശ്ചിമഘട്ട മലനിരകളുടെയും അനുബന്ധ പ്രദേശങ്ങളുടെയും സംരക്ഷണവും സമഗ്ര വികസനവും ലക്ഷ്യമാക്കി നടപ്പിലാക്കിവരുന്ന ഒരു കേന്ദ്രാവിഷ്കൃത പദ്ധതിയാണ് പശ്ചിമഘട്ട വികസന പദ്ധതി. പശ്ചിമഘട്ട മേഖലയിലെ പ്രകൃതി വിഭവങ്ങളുടെ സമഗ്രവും ശാസ്ത്രീയവും, സുസ്ഥിരവുമായ വികസനത്തിന് ഉതകുമായിരുന്ന പ്രസ്തുത പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതുമൂലം കേന്ദ്രവിഹിതം നഷ്ടമായത് നിർവ്വഹണാധികാരിയായ കൃഷി ഓഫീസറുടെയും, പഞ്ചായത്ത് ഭരണ സമിതിയുടെയും ഭാഗത്തുനിന്നുള്ള ഗൗരവം അർഹിക്കുന്ന വീഴ്ചയാണ്.

## (3-3) 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയത് - നഷ്ടം തിരികെ ഈടാക്കേണ്ടതാണ്

2015-16-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസി.എഞ്ചിനീയർ നടപ്പിലാക്കിയ വിവിധ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികളുടെ ഫയലുകൾ പരിശോധിച്ചതിൽ 1:2:4 അനുപാതത്തിൽ 20 mm മെറ്റൽ ഉപയോഗിച്ചുള്ള കോൺക്രീറ്റിംഗിന് അധിക നിരക്ക് നൽകിയിട്ടുള്ളതായി കാണുന്നു. 17.04.2013-ൽ പ്രാബല്യത്തിൽ വന്നിട്ടുള്ള DSR (Delhi Scheduled Rate) പ്രകാരമാണ് 2015-16 വാർഷിക പദ്ധതിയിലെ മരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയിട്ടുള്ളത്. CPWD, Analysis of rates-2014, Volume-1 പ്രകാരം 1:2:4 അനുപാതത്തിലുള്ള റോഡ് കോൺക്രീറ്റിംഗിന്റെ (DSR Code: 4.1.3) അടിസ്ഥാന നിരക്ക് (Base rate) 4753.29 രൂപയാണ്. PWD, ചീഫ് എഞ്ചിനീയറുടെ 15.12.2014-ലെ CD/Admin /PLA/1014/2005 സർക്കുലർ പ്രകാരം പത്തനംതിട്ട ജില്ലയ്ക്ക് 01.04.2014 മുതൽ ബാധകമായ Cost Index 40.95% ആണ്. ഇതു പ്രകാരം 1:2:4 കോൺക്രീറ്റിംഗിന് നൽകാവുന്ന നിരക്ക് 6699.66/$m^3$ ആണ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

For 1:2:4 Concreting (DSR Code: 4.1.3) - Details of cost for 1 cum

| Code No | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 0295 | Stone aggregate (Single size)-20mm nominal size | Cum | 0.670 | 1175 | 787.25 |
| 0297 | Stone aggregate (Single size)-10mm nominal size | Cum | 0.220 | 1175 | 258.50 |

| | | | | | |
|---|---|---|---|---|---|
| 2202 | Carriage of Stone aggregate below 40mm nominal size | Cum | 0.890 | 106.49 | 94.78 |
| 0982 | Coarse sand(Zone III) | Cum | 0.445 | 1200 | 534 |
| 2203 | Carriage of Coarse sand | Cum | 0.445 | 106.49 | 47.39 |
| 0367 | Portland Cement(0.2225 cum) | Tonne | 0.320 | 6300 | 2016 |
| 2209 | Carriage of Cement | Tonne | 0.320 | 94.65 | 30.29 |
| | Labour | | | | |
| 0155 | Mason(Average) | Day | 0.100 | 417 | 41.70 |
| 0114 | Beldar | Day | 1.630 | 329 | 536.27 |
| 0101 | Bhisti | Day | 0.700 | 363 | 254.10 |
| 0002 | Hire Charge of concrete mixer 0.25 to 0.40 cum with Hopper | Day | 0.070 | 800 | 56.00 |
| 0012 | Vibrator(needle type 40mm) | Day | 0.070 | 350 | 24.50 |
| 9999 | Sundries | LS | 14.30 | 1.78 | 25.45 |

| | | | | | |
|---|---|---|---|---|---|
| | Total | | | | 4706.23 |
| | Add water charge 1% | | | | 47.06 |
| | Sub Total | | | | 4753.29 |
| | Cost Index for Pathanamthitta, 40.95% | | | | 1946.47 |
| | Total | | | | 6699.76 |

എന്നാൽ ഫയലുകൾ പരിശോധിച്ചതിൽ റോഡ് നിർമ്മാണത്തിന് അവലംബിക്കേണ്ട സ്പെസിഫിക്കേഷന പകരം (Code 4.1.3) പകരം തറ നിരപ്പാക്കലിന് ബാധകമായ സ്പെസിഫിക്കേഷനം, നിരക്കും (7058.80/$m^3$) അവലംബിച്ചാണ് പ്രവൃത്തി നടത്തിയിട്ടുള്ളതെന്ന് കണ്ടു (Flooring, DSR Code: 11.7).

For Flooring: (DSR Code:11.7) - Details of cost for 1$m^3$

| Code No. | Description | Unit | Quantity | Rate | Amount |
|---|---|---|---|---|---|
| 4.1.3 | Rate as per item 4.1.3 of DSR ,concrete work | $m^3$ | 1 | 4753.29 | 4753.29 |
| | Labour: Extra labour for laying in floors etc | | | | |
| 0124 | Mason( brick layer) 2$^{nd}$ class | day | 0.350 | 399.00 | 139.65 |

| | | | | | |
|---|---|---|---|---|---|
| 0114 | Bheldar | day | 0.180 | 329.00 | 59.22 |
| 0101 | Bhisti | day | 0.050 | 363.00 | 18.15 |
| 9999 | Sundries | LS | 19.760 | 1.78 | 35.17 |
| | Sub Total | | | | 5005.48 |
| | Add 1% water charge except for 4.1.3 (252.19x1%) | | | | 2.52 |
| | Total | | | | 5008 |
| | Cost Index for Pathanamthitta, 40.95% | | | | 2050.78 |
| | Total | | | | 7058.78 |

മേൽ പറഞ്ഞ പ്രകാരം അധിക നിരക്ക് അനുവദിച്ചതിലൂടെ ഓഡിറ്റ് വർഷം നടപ്പിലാക്കിയ വിവിധ മരാമത്ത് പ്രവൃത്തികളുടെ കൺവീനർമാർക്ക് അധിക പ്രതിഫലം നൽകിയത ഓഡിറ്റിൽ നിരാകരിക്കാതിരിക്കാൻ കാരണമുണ്ടെങ്കിൽ വിശദീകരിക്കേണ്ടതാണ്.

| ക്രമ നം. | പ്രവൃത്തിയുടെ വിവരം | ഇനം നം. | അളവ് (m3) | പ്രതിഫലം നൽകിയത് (@7058.78/$m^3$) | അനുവദനീയമായത് (@6699.76/$m^3$) | നഷ്ടം |
|---|---|---|---|---|---|---|
| 1. | പാമ്പിനി പടിഞ്ഞാറേതിൽപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0057/16<br>അടങ്കൽ - ₹323850<br>കൺവീനർ - ശ്രീമതി | 3 | 21.2625 | 150087.31 | 142453.65 | 7634 |

| | | | | | | |
|---|---|---|---|---|---|---|
| | രമാ പ്രകാശ്<br>ചെലവ് - ₹322101<br>ബിൽ നം., തീ. - 41/15-16/30.01.16<br>എം.ബുക്ക് നം.7/15-16 | | | | | |
| 2. | ശ്രീ നിലയം പടി പള്ളിപ്പടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S0058/16<br>അടങ്കൽ - ₹123850<br>കൺവീനർ - ശ്രീ അനരുദ്ധൻ<br>ചെലവ് - ₹ 122706<br>ബിൽ നം., തീ. - 21/15-16/30.01.16<br>എം.ബുക്ക് നം. 38/15-16 | 3 | 8.10 | 57176.12 | 54268.06 | 2908 |
| 3. | താളികല്ലുങ്കൽപടി ആമക്കോട്ട് പടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S0059/16<br>അടങ്കൽ - 100000<br>കൺവീനർ - ശ്രീ മാത്യു മത്തായി<br>ചെലവ് - ₹ 98847<br>ബിൽ നം., തീ. - 22/15-16/30.01.16<br>എം.ബുക്ക് നം.37/15-16 | 3 | 6.525 | 46058.54 | 43715.93 | 2343 |
| 4. | ഐ.പി.സി. പടി കൈച്ചിറപടി റോഡ് കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - | 3 | 9.225 | 65117.25 | 61805.29 | 3312 |

| | | | | | | |
|---|---|---|---|---|---|---|
| | S066/16<br>അടങ്കൽ - ₹140850<br>കൺവീനർ - ശ്രീ ബേബിക്കുട്ടി<br>ചെലവ് - ₹139747<br>എം.ബുക്ക് നം. 17/15-16<br>ബിൽ നം., തീ. - 29/15-16/30.01.16 | | | | | |
| 5. | ചിറ്റാർ തോട്ടം ഗവ.എൽ.പി.എസ്.പടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S0067/16<br>അടങ്കൽ - ₹110000<br>കൺവീനർ - ശ്രീ ശശിധരൻ നായർ<br>ചെലവ് - ₹109071<br>ബിൽ നം., തീ. - 60/15-16/30.01.16<br>എം.ബുക്ക് നം. 48/15-16 | 3 | 7.20 | 50823.22 | 48238.27 | 2585 |
| 6. | പതാലിൽപടി ഫാക്ടറിപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S068/16<br>അടങ്കൽ - 108000<br>കൺവീനർ - ശ്രീമതി ഷെമിമോൾ<br>ചെലവ് - ₹107368<br>ബിൽ നം., തീ. - 14/15-16/30.01.16<br>എം.ബുക്ക് നം. 46/15-16 | 3 | 7.0875 | 50029.1 | 47484.55 | 2545 |

| | | | | | | |
|---|---|---|---|---|---|---|
| 7. | ഊരാൻപാറ അറയ്ക്കൽപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0069/16<br>അടങ്കൽ - ₹499000<br>കൺവീനർ - ശ്രീ മാത്തുണ്ണി<br>ചെലവ് - ₹497627<br>ബിൽ നം., തീ. - 13/15-16/30.09.15<br>എം.ബുക്ക് നം. 5/15-16 | 3 | 32.84925 | 231875.63 | 220082.09 | 11794 |
| 8. | പുലയൻപാറ വെട്ടമണ്ണിൽപടി ആയിക്കുന്നത്ത് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0070/16<br>അടങ്കൽ - 179850<br>കൺവീനർ - ശ്രീ കെ.എൻ.രാജൻ<br>ചെലവ് - ₹178945<br>ബിൽ നം., തീ. - 50/15-16/19.03.16<br>എം.ബുക്ക് നം. 11/15-16 | 3 | 11.812 | 83378.31 | 79137.57 | 4241 |
| 9. | പുലയൻപാറ മുസ്ലീംപള്ളി ശവക്കോട്ട റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0071/16<br>അടങ്കൽ - 275000<br>കൺവീനർ - ശ്രീ കെ.എം.മാത്യു<br>ചെലവ് - ₹274383 | 3 | 18.1125 | 127852.15 | 121349.4 | 6503 |

| | | | | | | |
|---|---|---|---|---|---|---|
| | ബിൽ നം., തീ. - 25/15-16/30.01.16<br><br>എം.ബുക്ക് നം. 14/15-16 | | | | | |
| 10. | നീലിപിലാവ് ആമക്കുന്ന് ചേതിപ്ലാക്കൽ റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0072/16<br><br>അടങ്കൽ - ₹423850<br><br>കൺവീനർ - ശ്രീ ഷംലാ ബീവി<br><br>ചെലവ് - ₹ 422650<br><br>ബിൽ നം., തീ. - 37/15-16/30.01.16<br><br>എം.ബുക്ക് നം. 20/15-16 | 3 | 27.90 | 196939.96 | 186923.3 | 10017 |
| 11. | കടപ്പന കോയിപ്ലാക്കൽ റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0073/16<br><br>അടങ്കൽ - ₹423850<br><br>കൺവീനർ - ശ്രീ രഘുനാഥൻ ഉണ്ണിത്താൻ<br><br>ചെലവ് - ₹422650<br><br>ബിൽ നം., തീ. - 49/15-16/19.03.16<br><br>എം.ബുക്ക് നം. 33/15-16 | 3 | 27.90 | 196939.96 | 186923.3 | 10017 |
| 12. | പുലിക്കുട്ടുങ്കൽപടി മുട്ടിയാനികുന്നേൽപടി റോഡ് കോൺക്രീറ്റ്<br><br>പ്രോജക്ട് നം. - | 3 | 19.80 | 139763.84 | 132655.25 | 7109 |

| | | | | | | |
|---|---|---|---|---|---|---|
| | S0075/16<br><br>അടങ്കൽ - ₹300000<br><br>കൺവീനർ - ശ്രീ സജിത്<br><br>ചെലവ് - ₹299946<br><br>ബിൽ നം., തീ. - 16/15-16/30.01.16<br><br>എം.ബുക്ക് നം. 51/15-16 | | | | | |
| 13. | പറങ്കിമാംമൂട്ടിൽ റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0076/16<br><br>അടങ്കൽ - ₹273850<br><br>കൺവീനർ - ശ്രീമതി ഓമന പുരുഷോത്തമൻ<br><br>ചെലവ് - ₹272678<br><br>ബിൽ നം., തീ. - 45/15-16/19.03.16<br><br>എം.ബുക്ക് നം. 41/15-16 | 3 | 18 | 127058.04 | 120595.68 | 6462 |
| 14. | പ്ലാന്റേഷൻ വലിയ പറമ്പിൽപടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S077/16<br><br>അടങ്കൽ - ₹423850<br><br>കൺവീനർ - ശ്രീ പ്രദീപ് തടത്തിൽ<br><br>ചെലവ് - ₹423566<br><br>ബിൽ നം., തീ. - 19/15-16/30.01.16<br><br>എം.ബുക്ക് നം.23/15-16 | 3 | 27.9603 | 197365.61 | 187327.3 | 10038 |
| 15. | നീലിപിലാവ് - കട്ടച്ചിറ | 2 | 17.8875 | 126263.93 | 119841.96 | 6422 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് റീ കോൺക്രീറ്റും, ഐറിഷ് ഓട നിർമ്മാണവും<br>പ്രോജക്റ്റ് നം. - S0086/16<br>അടങ്കൽ - ₹458461<br>കൺവീനർ - ശ്രീമതി ഉഷ<br>ചെലവ് - ₹ 405668<br>ബിൽ നം., തീ. - 56/15-16/31.03.16<br>എം.ബുക്ക് നം. 32/15-16 | | | | | |
| 16. | കെ.പി.എസ്.പടി കാവിൽപടി റോഡ് കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - S0088/16<br>അടങ്കൽ - ₹100000<br>കൺവീനർ - ശ്രീ അനികുമാർ<br>ചെലവ് - ₹98847<br>ബിൽ നം., തീ. - 18/15-16/30.01.16<br>എം.ബുക്ക് നം. 39/15-16 | 3 | 6.525 | 46058.54 | 43715.93 | 2343 |
| 17. | ചരുവിൽപടി അലിമുക്ക് റോഡ് കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - S0089/16<br>അടങ്കൽ - 100000<br>കൺവീനർ - ശ്രീ രത്നവല്ലി | 3 | 6.4556 | 45568.66 | 43250.97 | 2318 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - ₹97795<br><br>ബിൽ നം., തീ. - 36/15-16/30.01.16<br><br>എം.ബുക്ക് നം.27/15-16 | | | | | |
| 18. | മൂക്കൻപാറപടി സൊസൈറ്റി റോഡ് കോൺക്രീറ്റ് & പാർശ്വഭിത്തി<br><br>പ്രോജക്ട് നം. - S0092/16<br><br>അടങ്കൽ - ₹949798<br><br>കരാറുകാരൻ - ശ്രീ രാജൻ<br><br>ചെലവ് - ₹621406<br><br>ബിൽ നം., തീ. - 73/15-16/31.03.16<br><br>എം.ബുക്ക് നം.58/15-16 | 3 | 45.4935 | 369297.58 | 350514.68 | 18783 |
| 19. | ബഞ്ചമിൻപാറ മീൻകുഴിത്തടം എൻ.എസ്.എസ്.പടി റോഡ് കോൺക്രീറ്റും, ഐറിഷ് കോൺക്രീറ്റും<br><br>പ്രോജക്ട് നം. - S0094/16<br><br>അടങ്കൽ - ₹415080<br><br>കൺവീനർ - ശ്രീ ജാനകി രാമൻ<br><br>ചെലവ് - ₹413776<br><br>ബിൽ നം., തീ. - 43/15-16/19.03.16<br><br>എം.ബുക്ക് നം. 25/15-16 | 3 | 13.50 | 95293.53 | 90446.76 | 4847 |
| 20. | ടി.വി.ജംഗ്ഷൻ മോടിയിൽപടി റോഡ് കോൺക്രീറ്റ് | 3 | 16.425 | 115940.46 | 110043.56 | 5897 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്റ്റ് നം. - S0095/16<br>അടങ്കൽ - ₹ 250000<br>കൺവീനർ - ശ്രീ പ്രസാദ് ഇ.കെ.<br>ചെലവ് - ₹248819<br>ബിൽ നം., തീ. - 66/15-16/31.03.16<br>എം.ബുക്ക് നം.52/15-16 | | | | | |
| 21. | വില്ലുന്നിപാറ പുലയൻപാറ റോഡ് കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - S0096/16<br>അടങ്കൽ - ₹ 300000<br>കൺവീനർ - ശ്രീ സത്യൻ<br>ചെലവ് - ₹299946<br>ബിൽ നം., തീ. - 16/15-16/30.01.16<br>എം.ബുക്ക് നം. 12/15-16 | 3 | 19.80 | 139763.84 | 132655.25 | 7109 |
| 22. | പർവ്വതത്തിൽപടി ചരുവുകാലാപടി റോഡ് കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - S0097/16<br>അടങ്കൽ - 100000<br>കൺവീനർ - ശ്രീമതി ഷെരീഫ ബീവി<br>ചെലവ് - ₹98847<br>ബിൽ നം., തീ. - 18/15-16/30.01.16<br>എം.ബുക്ക് നം. | 3 | 6.525 | 46058.54 | 43715.93 | 2343 |

| | | | | | | |
|---|---|---|---|---|---|---|
| | 31/15-16 | | | | | |
| 23. | ചിറ്റാർ പോസ്റ്റ് ഓഫീസ് പടി ലാവണ്യപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0098/16<br>അടങ്കൽ - ₹239500<br>കൺവീനർ - ശ്രീ ഐസക് ജോർജ്ജ്<br>ചെലവ് - ₹ 233991<br>ബിൽ നം., തീ. - 26/15-16/30.01.16<br>എം.ബുക്ക് നം.49/15-16 | 3 | 15.4462 | 109031.33 | 103485.83 | 5545 |
| 24. | കീത്തോട്ടംപടി തോട്ടുങ്കൽപടി റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്ട് നം. - S0099/16<br>അടങ്കൽ - ₹175000<br>കൺവീനർ - ശ്രീമതി നബീസാ ബീവി<br>ചെലവ് - ₹173843<br>ബിൽ നം., തീ. - 35/15-16/31.01.16<br>എം.ബുക്ക് നം. 28/15-16 | 3 | 11.4765 | 81010.09 | 76889.8 | 4120 |
| 25. | മന്ദിരംപടി ആലപ്പാട്ട് റോഡ് കോൺക്രീറ്റ്<br>പ്രോജക്ട് നം. - S0102/16<br>അടങ്കൽ - ₹113307<br>കൺവീനർ - ശ്രീ പീതാംബരൻ | 3 | 7.3687 | 52014.03 | 49368.52 | 2646 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - ₹111627<br>ബിൽ നം., തീ. - 17/15-16/30.01.16<br>എം.ബുക്ക് നം. 35/15-16 | | | | | |
| 26. | കടപ്ര ഗുരുമന്ദിരംപടി കുമരംകുന്ന് റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S00103/16<br>അടങ്കൽ - ₹ 288307<br>കൺവീനർ - ശ്രീ മുരളീധരൻ<br>ചെലവ് - ₹ 288016<br>ബിൽ നം., തീ. - 44/15-16/19.03.16<br>എം.ബുക്ക് നം.30/15-16 | 3 | 19.0125 | 134205.05 | 127379.19 | 6826 |
| 27. | ഇടനാട്ടിൽപടി റോഡ് കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - S0106/16<br>അടങ്കൽ - ₹388307<br>കൺവീനർ - ശ്രീ പ്രസാദ്<br>ചെലവ് - ₹ 386881<br>ബിൽ നം., തീ. - 11/15-16/30.09.15<br>എം.ബുക്ക് നം.9/15-16 | 3 | 25.54 | 180281.24 | 171111.87 | 9169 |
| 28. | നിരവേൽപടി കൊച്ചുമൺ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S0107/16<br>അടങ്കൽ - ₹ 238307 | 3 | 15.6375 | 110381.67 | 104767.5 | 5614 |

| | | | | | | |
|---|---|---|---|---|---|---|
| | കൺവീനർ - ശ്രീ സുഭാഷ്<br>ചെലവ് - ₹236889<br>ബിൽ നം., തീ. - 42/15-16/19.03.16<br>എം.ബുക്ക് നം.50/15-16 | | | | | |
| 29. | ചിറ്റാർ 86 ഷാജി തോണ്ടലിൽപടി റോഡിൽ കോൺക്രീറ്റ്<br>പ്രോജക്റ്റ് നം. - S0108/16<br>അടങ്കൽ - ₹ 250000<br>കൺവീനർ - ശ്രീഅബ്ദുള്ള<br>ചെലവ് - ₹ 248819<br>ബിൽ നം., തീ. - 66/15-16/31.03.16<br>എം.ബുക്ക് നം. 24/15-16 | 3 | 16.425 | 115940.46 | 110043.56 | 5897 |
| 30. | മൺപിലാവ് തണ്ണിത്തോട് പ്ലാന്റേഷൻ റോഡ് കോൺക്രീറ്റിംഗ്<br>പ്രോജക്റ്റ് നം. - S0109/16<br>അടങ്കൽ - ₹170158<br>കൺവീനർ - ശ്രീ ശശി<br>ചെലവ് - ₹ 166674<br>ബിൽ നം., തീ. - 15/15-16/30.01.16<br>എം.ബുക്ക് നം. 19/15-16 | 3 | 11.0025 | 77664.23 | 73714.11 | 3950 |
| 31. | ഗുരുമന്ദിരം കൊല്ലനേത്ത്പടി | 3 | 31.1625 | 219969.23 | 208781.27 | 11188 |

| | | | | | | |
|---|---|---|---|---|---|---|
| | റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0111/16<br><br>അടങ്കൽ - ₹ 473850<br><br>കൺവീനർ - ശ്രീ ഗോപാലകൃഷ്ണൻ<br><br>ചെലവ് - ₹ 472075<br><br>ബിൽ നം., തീ. - 32/15-16/30.01.16<br><br>എം.ബുക്ക് നം.4/15-16 | | | | | |
| 32. | കുളങ്ങരവാലി കുന്നം റോഡ് കോൺക്രീറ്റ്<br><br>പ്രോജക്ട് നം. - S0112/16<br><br>അടങ്കൽ - ₹ 100000<br><br>കൺവീനർ - ശ്രീ പ്രതാപ്<br><br>ചെലവ് - ₹ 98847<br><br>ബിൽ നം., തീ. - 34/15-16/30.01.16<br><br>എം.ബുക്ക് നം. 22/15-16 | 3 | 6.525 | 46058.54 | 43715.93 | 2343 |
| 33. | പാമ്പിന് രതിമന്ദിരംപടി ചാണ്ടിപടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്ട് നം. - S0113/16<br><br>അടങ്കൽ - ₹388307<br><br>കൺവീനർ - ശ്രീ എം.എസ്.മോഹനൻ<br><br>ചെലവ് - ₹386862<br><br>ബിൽ നം., തീ. - 10/15-16/30.09.15 | 3 | 25.5375 | 180263.59 | 171095.12 | 9168 |

| | | | | | | |
|---|---|---|---|---|---|---|
| | എം.ബുക്ക് നം. 2/15-16 | | | | | |
| 34. | തേറകത്തുംമണ്ണ് ഭുവനേശ്വരി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0114/16<br><br>അടങ്കൽ - ₹ 388307<br><br>കൺവീനർ - ശ്രീമതി രാജി ഷാജി<br><br>ചെലവ് - ₹ 386881<br><br>ബിൽ നം., തീ. - 11/15-16/30.09.15<br><br>എം.ബുക്ക് നം. 3/15-16 | 3 | 25.54 | 180281.24 | 171111.87 | 9169 |
| 35. | അമ്പലംപടി കുമ്പളം നിൽക്കുന്നതിൽപടി റോഡ് കോൺക്രീറ്റിംഗ്<br><br>പ്രോജക്റ്റ് നം. - S0116/16<br><br>അടങ്കൽ - ₹ 388307<br><br>കൺവീനർ - ശ്രീ കൃഷ്ണകുമാർ<br><br>ചെലവ് - ₹ 382096<br><br>ബിൽ നം., തീ. - 28/15-16/30.01.16<br><br>എം.ബുക്ക് നം. 21/15-16 | 3 | 25.2225 | 178040.08 | 168984.7 | 9055 |
| 36. | ചുണ്ടമണ്ണിൽപടി പ്ലാന്റേഷൻ റോഡ് കോൺക്രീറ്റ്<br><br>പ്രോജക്റ്റ് നം. - S0117/16<br><br>അടങ്കൽ - ₹ 388307<br><br>കൺവീനർ - ശ്രീ സി.വി. ഈപ്പൻ | 3 | 25.20 | 177881.26 | 168833.95 | 9047 |

| | | | | | | |
|---|---|---|---|---|---|---|
| | ചെലവ് - ₹387256<br><br>ബിൽ നം., തീ. - 71/15-16/31.03.16<br><br>എം.ബുക്ക് നം. 45/15-16 | | | | | |
| 37. | തങ്കത്താപ്പടി നടപ്പാത നിർമ്മാണം<br><br>പ്രോജക്റ്റ് നം. - S0120/16<br><br>അടങ്കൽ - ₹100000<br><br>കൺവീനർ - ശ്രീ അപ്പുക്കുട്ടൻ<br><br>ചെലവ് - ₹ 100000<br><br>ബിൽ നം., തീ. - 65/15-16/31.03.16<br><br>എം.ബുക്ക് നം. 42/15-16 | 3 | 5.27 | 37199.77 | 35307.74 | 1892 |
| 38. | ഹിന്ദിമുക്ക് മൂക്കൻപാറപടി റോഡ് കോൺക്രീറ്റും, സംരക്ഷണഭിത്തിയും<br><br>പ്രോജക്റ്റ് നം. - S0122/16<br><br>അടങ്കൽ - ₹ 782311<br><br>കരാറുകാരൻ - ശ്രീ പി.എം. വർഗ്ഗീസ്<br><br>ചെലവ് - ₹ 584175<br><br>ബിൽ നം., തീ. - 77/15-16/31.03.16<br><br>എം.ബുക്ക് നം.50/15-16 | 3 | 19.125 | 155248.91 | 147352.77 | 7896 |
| 39. | പുറമൺപടി തോപ്പിൽപടി വെള്ളമ്പശ്ശേരിപ്പടി നടപ്പാത നിർമ്മാണം | 7 | 13.2367 | 92894.63 | 88682.71 | 4212 |

| | | | | | | |
|---|---|---|---|---|---|---|
| | പ്രോജക്ട് നം. - S0123/16<br>അടങ്കൽ - ₹ 200000<br>കൺവീനർ - ശ്രീ കൃഷ്ണൻകുട്ടി<br>ചെലവ് - ₹177096<br>ബിൽ നം., തീ. - 62/15-16/31.03.16<br>എം.ബുക്ക് നം. 10/15-16 | | | | | |
| | ആകെ | | | | | 245307 |

## **(3-4)** നീലിപിലാവ് ശിശുമന്ദിരം റൂഫിംഗ് – പ്രവൃത്തി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച

| | |
|---|---|
| പ്രോജക്ട് നം. | 159/16 |
| കരാറുകാരൻ | ശ്രീ കെ.സജയകുമാർ |
| അടങ്കൽ | 293000 |
| ചെലവ് | 276070 |
| ട്രഷറി ബിൽ നം., തീ. | 1/15-16/16.07.15 |
| എം.ബുക്ക് നം. | 34/14-15 |

നീലിപിലാവ് ശിശുമന്ദിരത്തിന്റെ ഒടുമേഞ്ഞ മേൽക്കൂര പൊളിച്ചുമാറ്റി മേൽക്കൂര കോൺക്രീറ്റ് ചെയ്ത് കെട്ടിടം സംരക്ഷിക്കുന്നതിന് 2014-15-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി മെയിന്റനൻസ് ഗ്രാന്റിൽനിന്നും 236670 രൂപയും, തനത് ഫണ്ടിൽനിന്നും 56330 രൂപയും ഉൾപ്പടെ 293000 രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി പ്രവൃത്തി നടത്തിയിട്ടുണ്ട്. എസ്റ്റിമേറ്റ് നിരക്കിൽ ടെണ്ടർ സമർപ്പിച്ച ശ്രീ സജയകുമാർ എന്ന കരാറുകാരനാണ് പ്രവൃത്തിയുടെ നിർവ്വഹണം നടത്തിയത്. പ്രവൃത്തിയുടെ

ഫയൽ പരിശോധിക്കുകയും, ശിശുമന്ദിരം ഭൗതിക പരിശോധന നടത്തുകയും ചെയ്തതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. പൊളിച്ചുമാറ്റിയ സാമഗ്രികൾ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടിയില്ല

ഈ പ്രവൃത്തിയുടെ ഇനം 2, 3 എന്നിവ പ്രകാരം കെട്ടിടത്തിന്റെ മേൽക്കൂരയിലെ ഓടുകളും, തടി ഉരുപ്പടികളും പൊളിച്ചു മാറ്റിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം നം. | പ്രവൃത്തിയുടെ വിവരം | അളവ് | തുക |
|---|---|---|---|
| 1 | Dismantling, clearing away and carefully stacking for re-use the masonary brick wall | $1.96m^3$ @$693/m^3$ | 1358.28 |
| 2 | Dismantling and removing manglore tiles over roofs including ridges, hips, valleysheets etc. | $88.06m^2$ @$217/10m^2$ | 1910.90 |
| 3 | Dismantling and removing wrought and frame, timber in roofs | $0.6338m^3$ @$14/10dm^3$ | 887.32 |

പൊളിച്ചു മാറ്റിയ ഓടുകളിൽ പൊട്ടിയവയുടെയും ഉപയോഗ യോഗ്യമായതിന്റെയും കണക്ക് എടുത്ത് എം.ബുക്കിൽ രേഖപ്പെടുത്തി ചെക്ക് മെഷർമെന്റിന് വിധേയമാക്കിയിട്ടില്ല. അതുപോലെതന്നെ പൊളിച്ചുമാറ്റിയ ഓടുകളുടേയും, തടി ഉരുപ്പടികളുടേയും സർവ്വേ റിപ്പോർട്ട് തയ്യാറാക്കി മൂല്യനിർണ്ണയം നടത്തുകയോ, പരസ്യ ലേലം ചെയ്ത് പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടുകയോ ചെയ്തിട്ടില്ല. ഓഡിറ്റ് നടത്തിയ ഭൗതിക പരിശോധനയിൽ പു:നരുപയോഗിക്കാവുന്ന തടി ഉരുപ്പടികളാണ് ഇപ്രകാരം ലേലം ചെയ്യുകയോ, പഞ്ചായത്തിന് കൈമാറുകയോ ചെയ്യാതെ നഷ്ടപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. പ്രവൃത്തിയുടെ ഭാഗമായി പൊളിച്ചുമാറ്റുന്ന ഉപയോഗയോഗ്യമായ സാധന സാമഗ്രികളുടെ മൂല്യനിർണ്ണയം നടത്തി പരസ്യലേലം നടത്തുകയോ, മൂല്യനിർണ്ണയ തുക കരാറുകാരന്റെ ഫൈനൽ ബിൽ തുകയിൽനിന്നും ഈടാക്കുകയോ ചെയ്യേണ്ടത് പ്രവൃത്തിയുടെ മേൽനോട്ടം നടത്തിയ അസി.എഞ്ചിനീയറുടെ ചുമതലയായിരുന്നു. ഇക്കാര്യത്തിൽ ഉണ്ടായിട്ടുള്ള വീഴ്ചയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഈ ഇനത്തിൽ പഞ്ചായത്ത് ഫണ്ടിനുണ്ടായിട്ടുള്ള നഷ്ടം നിജപ്പെടുത്തി ഉത്തരവാദിയായവരിൽനിന്നും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്.

2. ചോർച്ച മാറ്റുന്നതിന് നിർമ്മിച്ച കോൺക്രീറ്റ് മേൽക്കൂര ചോരുന്നു

ഓട് മേഞ്ഞ മേൽക്കൂരയുടെ ചോർച്ച പരിഹരിക്കുന്നതിനാണ് മേൽക്കൂര പൊളിച്ചുമാറ്റി കോൺക്രീറ്റ് ചെയ്യുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. 21.04.15-ൽ പ്രവൃത്തി പൂർത്തിയാക്കി ഫൈനൽ ബിൽ തുക മാറിയിട്ടുള്ള ഈ പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തിയതിൽ പുതുതായി നിർമ്മിച്ച കോൺക്രീറ്റ് മേൽക്കൂരയുടെ പല ഭാഗത്തും ചോർച്ച ഉള്ളതായി കാണാൻ സാധിച്ചു. പ്രവൃത്തി നിർവ്വഹണത്തിലുണ്ടായിട്ടുള്ള അപാകത കാരണമാണ് പ്രവൃത്തിയുടെ സംരക്ഷണ കാലയളവിൽതന്നെ കെട്ടിടത്തിന് ചോർച്ച സംഭവിക്കാൻ ഇടയായിട്ടുള്ളത്. കരാറുകാരനുമായി ഏർപ്പെട്ടിട്ടുള്ള കരാർ ഉടമ്പടി പ്രകാരം (ഉടമ്പടിയിലെ ഖ.14) തൃപ്തികരമല്ലെന്നുകാണുന്ന പ്രവൃത്തി പഞ്ചായത്ത് നിർദ്ദേശിക്കുന്ന രീതിയിൽ പൊളിച്ചുമാറ്റി കരാറുടമ്പടിയിൽ നിഷ്കർഷിക്കുന്ന രൂപത്തിൽ പുനർനിർമ്മിക്കുന്നതിന് കരാറുകാരന് ബാദ്ധ്യത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ കെട്ടിടത്തിന്റെ ചോർച്ച ശ്രദ്ധയിൽപ്പെട്ടിട്ടും കരാറുകാരനെതിരെ യാതൊരു നടപടിയും നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. പകരം 2015-16 വർഷം കോൺക്രീറ്റ് റൂഫിംഗിന് മുകളിൽ ട്രസ്സ് വർക്ക് നടത്തുന്നതിന് പുതിയ ഒരു പ്രോജക്ട് ആവിഷ്കരിക്കുകയാണ് ചെയ്തിട്ടുള്ളത് (പ്രോജക്ട് നം. 191/16, അടങ്കൽ - ₹927211).

പ്രവൃത്തി നടത്തിപ്പിലുണ്ടായിട്ടുള്ള മേൽ പറഞ്ഞ അപാകതകൾ മുൻനിർത്തി പ്രവൃത്തിക്ക് ചെലവഴിച്ച 276070 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## (3-5) എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥ മൂലം സ്തംഭനാവസ്ഥയിലായ പദ്ധതികൾ

2013-14-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി ഏറ്റെടുത്ത താഴെ പറയുന്ന മരാമത്ത് പ്രവൃത്തികൾ എൽ.എസ്.ജി.ഡി. എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുള്ള അലംഭാവം കാരണം സ്തംഭനാവസ്ഥയിലാണ്.

1) പഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം; പദ്ധതി അനന്തമായി നീളുന്നു, 1.79 രൂപയുടെ മുതൽ മുടക്ക് നിഷ്ഫലമായി

2013-14-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് റോഡിന് അഭിമുഖമായി പഞ്ചായത്ത് ഓഫീസ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന് വികസന ഫണ്ടിൽ നിന്നും 2878268 രൂപയും, ധനകാര്യ കമ്മീഷൻ ഗ്രാന്റിൽനിന്നും 421077 രൂപയും, തനത് ഫണ്ടിൽനിന്നും 1700655 രൂപയും ഉൾപ്പെടെ ആകെ 50 ലക്ഷം രൂപ അടങ്കൽ വകയിരുത്തി പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങി. 14.06.13-ൽ അംഗീകാരം ലഭിച്ച ഈ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് സമയബന്ധിതമായി തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുന്നതിന് അസി.എഞ്ചിനീയർ വീഴ്ചവരുത്തി. 2013-14 വർഷം പ്രോജക്ട് നടപ്പിലാക്കുന്നതിനുവേണ്ടി മണ്ണ് പരിശോധന നടത്തുകയുണ്ടായി. തുടർന്ന് സ്ട്രക്ചറൽ ഡിസൈൻ ചെയ്യുന്നതിന് ആവശ്യമായ പ്ലാൻ കോട്ടയം പാമ്പാടിയിലുള്ള രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടെക്നോളജി, പാമ്പാടി, കോട്ടയം എന്ന സ്ഥാപനത്തിന് നൽകുന്നതിന് ഒരു വർഷത്തെ കാലതാമസം എഞ്ചിനീയറിംഗ് വിഭാഗത്തിൽനിന്നും ഉണ്ടായി. 2015 ഫെബ്രുവരി മാസം പ്രസ്തുത സ്ഥാപനം സ്ട്രക്ചറൽ ഡിസൈനിംഗ് നടത്തി അസി.എഞ്ചിനീയർക്ക് പ്ലാൻ കൈമാറി. എന്നാൽ അതിനുശേഷം നാളിതുവരെയായി എസ്റ്റിമേറ്റ് തയ്യാറാക്കി സാങ്കേതികാനുമതി വാങ്ങുന്നതിനുള്ള നടപടികൾ അസി.എഞ്ചിനീയർ സ്വീകരിച്ചിട്ടില്ല. 2013-14 വർഷം ഈ പ്രോജക്ടിനുവേണ്ടി ചെലവ് ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ സാമ്പത്തിക വർഷം അവസാനിക്കുന്നതിനു മുൻപ് പ്രോജക്ട് ഭേദഗതി ചെയ്ത് മറ്റ് പ്രോജക്ടുകൾക്ക് രൂപം നൽകി പ്രോജക്ടിന് വകയിരുത്തിയിരുന്ന തുക ചെലവഴിക്കുകയാണുണ്ടായത്. തുടർന്നുള്ള വർഷം ഇപ്രകാരം ഭേദഗതി ചെയ്യാനുള്ള സാഹചര്യം ഉണ്ടാകില്ലെന്നും അതിനുമുൻപ് നിർമ്മാണം ആരംഭിക്കുമെന്നും അസി.എഞ്ചിനീയർ കമ്മിറ്റിയിൽ നേരിട്ടു ഹാജരായി വാക്കാൽ ഉറപ്പുനൽകിയിരുന്നു. എന്നാൽ തൊട്ടടുത്ത വർഷമായ 2014-15-ലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ അനാസ്ഥ നിമിത്തം ഈ പ്രോജക്ടിന് വകയിരുത്തിയിരുന്ന തുക 2013-14-ലേതുപോലെ മറ്റ്

പ്രോജക്ടുകൾക്കുവേണ്ടി വകയിരുത്തി ചെലവ് ചെയ്യേണ്ടതായിവന്നു.

മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡിസൈനിംഗ് എന്നീ ഇനങ്ങൾക്ക് 178927 രൂപ രാജീവ് ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടെക്നോളജിക്ക് നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥാപനം 2015 ഫെബ്രുവരി മാസം സ്ട്രക്ചറൽ ഡിസൈനും, ഡ്രോയിംഗും തയ്യാറാക്കി അസി.എഞ്ചിനീയർക്ക് കൈമാറിയതായി പറയുന്നു. എന്നാൽ ഇത് നിലവിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെയോ, പഞ്ചായത്ത് അധികൃതരുടെയോ പക്കൽ ലഭ്യമല്ല. ലക്ഷങ്ങൾ മുടക്കി തയ്യാറാക്കിയ സോയിൽ ടെസ്റ്റ് റിപ്പോർട്ടും, ഡിസൈനും, ഡ്രോയിംഗും അധികൃതരുടെ കൈവശമില്ല എന്ന വസ്തുത എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുള്ള നിരുത്തരവാദപരമായ സമീപനത്തെയാണ് സൂചിപ്പിക്കുന്നത്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിൽ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

2015-16 വർഷം 70 ലക്ഷം രൂപ ഈ പ്രോജക്ടിനായി വകയിരുത്തിയിട്ടുണ്ടെങ്കിലും നാളിതുവരെ യാതൊരു പുരോഗതി പദ്ധതി നടത്തിപ്പിൽ ഉണ്ടായിട്ടില്ല (വകയിരുത്തിയ തുകയിൽ 67 ലക്ഷം രൂപയും ലഭ്യമാകാൻ സാദ്ധ്യതയല്ലാത്ത ഫണ്ടായിരുന്നു - 10 ലക്ഷം രൂപ തനത് ഫണ്ടും, 57 ലക്ഷം രൂപ വായ്പയും).

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 12.08.15-ൽ കൂടിയ യോഗം ഇത് സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന് എഞ്ചിനീയറിംഗ് വിഭാഗം അലംഭാവം തുടരുന്നത് വഴി പദ്ധതി നടപ്പിലാക്കാൻ കഴിയാതെ വന്നാൽ നിലവിൽ ഈ പദ്ധതിക്കായി ചെലവഴിച്ചിട്ടുള്ള പണം പാഴായി പോകാനുള്ള സാദ്ധ്യതയുണ്ടെന്ന് കമ്മിറ്റി ആശങ്ക രേഖപ്പെടുത്തിയിട്ടുണ്ട് (തീയതി - 12.08.15, മിനിട്ട്സ് ബുക്ക് പേജ് നം. 114, വ. IV).

പദ്ധതി നടത്തിപ്പിൽ എഞ്ചിനീയറിംഗ് വിഭാഗം അക്ഷന്തവ്യമായ കൃത്യവിലോപമാണ് കാട്ടിയിട്ടുണ്ടെന്നുള്ളത് മിനിട്ട്സിലെ രേഖപ്പെടുത്തലിൽ നിന്നും വ്യക്തമാണ്. പദ്ധതി നടപ്പിലാക്കിയിരുന്നുവെങ്കിൽ സ്ഥലപരിമിതി മൂലം വീർപ്പുമുട്ടുന്ന പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനും, കടമുറികളുടെ ഡിപ്പോസിറ്റ്, വാടക എന്നീ ഇനങ്ങളിൽ പഞ്ചായത്തിന് ഗണ്യമായ വരുമാനം ലഭിക്കുന്നതിനും ഉതകുമായിരുന്നു. മാത്രവുമല്ല പദ്ധതി നടപ്പിലാക്കാൻ വൈകിപ്പിക്കുന്നത് എസ്റ്റിമേറ്റ് തുകയിൽ വൻ വർദ്ധനവിന് ഇടയാക്കുന്ന സംഗതിയാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു. മുടങ്ങികിടക്കുന്ന ഈ പദ്ധതി എത്രപഞ്ചായത്തിന് വളരെയേറെ ഗുണകരമായി ഭവിക്കുമായിരുന്ന ഈ പദ്ധതി അടിയന്തിരമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭരണ സമിതിയും, നിർവ്വഹണ ഉദ്യോഗസ്ഥനും നടപടി സ്വീകരിക്കേണ്ടതാണ്.

(2) സബ്ട്രഷറി കെട്ടിടം സ്ട്രോങ്ങ് റൂം & ഫർണിഷിംഗ്; പദ്ധതി ലക്ഷ്യം കാണാതെ 6.86 ലക്ഷം രൂപ മുടങ്ങി കിടക്കുന്നു

ചിറ്റാർ കേന്ദ്രമാക്കി സർക്കാർ അനുവദിച്ചിട്ടുള്ള സബ് ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പഴയ കൃഷിഭവൻ കെട്ടിടം വിട്ടു നൽകുന്നതിന് പഞ്ചായത്ത് തീരുമാനിച്ചിരുന്നു. പ്രസ്തുത കെട്ടിടത്തിൽ ട്രഷറി പ്രവർത്തിക്കുന്നതിന് ആവശ്യമായ സ്ട്രോംഗ് റൂം നിർമ്മാണത്തിനും ഫർണിഷിംഗിനുമായി പഞ്ചായത്തിന്റെ തനതു ഫണ്ടിൽനിന്നും 8 ലക്ഷം രൂപ ചെലവഴിക്കുന്നതിന് ബഹു. കേരള സർക്കാർ പഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്. സ്ട്രോംഗ് റൂം നിർമ്മാണത്തിനും ഫർണിഷിംഗിനുമായി 2014-15 വർഷം പഞ്ചായത്ത് 8 ലക്ഷം രൂപ വകയിരുത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങുകയും 23.06.14-ൽ പ്രവൃത്തിക്ക് ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. ശ്രീ അജീഷ് എസ്. എന്നയാളാണ് കരാർ എടുത്തിരുന്നത്. 8 ലക്ഷം രൂപ വിനിയോഗിച്ച് പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഉദ്ദേശിച്ചാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയതെങ്കിലും നിർവ്വഹണമദ്ധ്യേ സ്ട്രോംഗ് റൂമിന് കൂടുതൽ വലിപ്പം ആവശ്യമാണന്ന് കാണുകയും, എസ്റ്റിമേറ്റ് റിവൈസ് ചെയ്യേണ്ടത് ആവശ്യമായി വരുകയും ചെയ്തു. റിവൈസ്ഡ് എസ്റ്റിമേറ്റ് പ്രകാരം കരാറുകാരൻ 686357 രൂപയുടെ പ്രവൃത്തി 29.10.15-ൽ പാർട്ട് ബിൽ തുക മാറിയിട്ടുണ്ട്. ട്രഷറി പ്രവർത്തനം ആരംഭിക്കുന്നതിന് ആവശ്യമായ പ്രവൃത്തികൾ ഭാഗികമായി

മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. പാർട്ട് ബിൽ തുക കൈപ്പറ്റിയ കരാറുകാരൻ തുടർന്ന് പ്രവൃത്തി നടത്തിയിട്ടില്ല. പാതി വഴിയിൽ പ്രവൃത്തി ഉപേക്ഷിച്ച കരാറുകാരനെതിരെ നിർവ്വഹണ ഉദ്യോഗസ്ഥൻ യാതൊരു തുടർ നടപടികളും സ്വീകരിച്ചതായി കാണുന്നില്ല. എസ്റ്റിമേറ്റ് തയ്യാറാക്കിയതിലെ അപാകം കാരണമാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറേക്കേണ്ട സാഹചര്യം ഉണ്ടായത്. 29 പ്രവൃത്തി ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്ന അപ്പന്റിക്സ്സ്-എ, 5 ഇനങ്ങൾ ഉൾപ്പെടുത്തിയിരുന്ന അപ്പന്റിക്സ്-ബി എന്നിവ പൂർണ്ണമായും ഒഴിവാക്കിയാണ് റിവൈസ്ഡ് എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി നടത്തിയത്. ട്രഷറി പ്രവർത്തിക്കുന്നതിനാവശ്യമായ കൗണ്ടർ ഉൾപ്പെടെയുള്ള ഫർണിഷിംഗ് പ്രവൃത്തികൾ ഒന്നും തന്നെ ഇക്കാരണത്താൽ പൂർത്തിയാക്കുന്നതിന് സാധിച്ചിട്ടില്ല. ഈ പദ്ധതിക്ക് തനത് ഫണ്ടിൽ നിന്നും ഇനി ചെലവഴിക്കാവുന്ന 113643 രൂപ വിനിയോഗിച്ച് അവശേഷിച്ച പണികൾ പൂർത്തിയാക്കുന്നതിന് സാധിക്കുന്നതല്ല. ആയതിനാൽ പദ്ധതിക്ക് കൂടുതൽ തുക ചെലവഴിക്കുന്നതിന് സർക്കാർ അനുമതി തേടേണ്ടതുണ്ട്. എന്നാൽ ഇതിനുവേണ്ടിയുള്ള യാതൊരു ശ്രമവും അധികൃതർ സ്വീകരിച്ചിട്ടില്ല. അവശേഷിച്ച പണികൾ പൂർത്തിയാക്കുന്നതിന് ആവശ്യമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയോ, ആവശ്യമായ ഫണ്ട് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ പദ്ധതി ഇനിയും അനന്തമായി നീണ്ടുപോകാനുള്ള സാദ്ധ്യതായാണുള്ളത്. പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാത്തതിനാൽ ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് സാധിച്ചിട്ടില്ലെന്നു മാത്രമല്ല പദ്ധതിയ്ക്ക് പഞ്ചായത്ത് ഫണ്ടിൽനിന്നും ഇതിനകം ചെലവഴിച്ച 6.9 ലക്ഷം രൂപ നിഷ്ഫലമായിരിക്കുകയുമാണ്. ഈ പദ്ധതിയുടെ കാര്യത്തിലും എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ ഭാഗത്തുനിന്നുള്ള അലംഭാവം പ്രകടമാണ്.

ടി പദ്ധതികളുടെ നടത്തിപ്പിലുണ്ടായിട്ടുള്ള വീഴ്ചക്ക് അസി.എഞ്ചിനീയർ വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## (3-6) പലിശ കിട്ടുന്ന സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നില്ല

ഓഡിറ്റ് കാലയളവിൽ (2015-16) മരാമത്ത് പ്രവൃത്തികളുടെ കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിച്ച 236600 ലക്ഷം രൂപ മൂല്യമുള്ള സ്ഥിരനിക്ഷേപ സർട്ടിഫിക്കറ്റുകൾ ഭദ്രമായി സൂക്ഷിക്കുന്നതിന് പകരം പ്രവൃത്തിയുടെ ഫയലിൽ സൂക്ഷിച്ചിരുന്നതായി പരിശോധനയിൽ കാണാൻ കഴിഞ്ഞു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | ഡെപ്പോസിറ്റ് തുക | എഫ്.ഡി. നം. |
|---|---|---|---|
| 1 | ആയുർവേദാശുപത്രി മെയിന്റനൻസ് | 7600 | 12770300579053 |
| 2 | നീലിപിലാവ് ശിശുമന്ദിരം റൂഫിംഗ് (122/15) | 15000 | 12770300579020 |
| 3 | വയ്യാറ്റുപുഴ കുളങ്ങരവാലി റോഡ് മെയിന്റനൻസ് (158/15) | 25000 | C458409 |

| | | | |
|---|---|---|---|
| 4 | മൂക്കൻപാറപടി സൊസൈറ്റിപടി റോഡ് കോൺക്രീറ്റ് & സംരക്ഷണഭിത്തി (92/16) | 36000 | 429/26.02.16 |
| 5 | ശബരിമല ഇടത്താവളം മെയിന്റനൻസ് റൂഫിംഗ് (121/16) | 40000 | 1421/23.02.16 |
| 6 | വയ്യാറ്റുപുഴ മൺപിലാവ് റോഡ് ഐറിഷ് ഓട നിർമ്മാണം (84/16) | 40000 | 430/25.02.16 |
| 7 | വേളിമല പട്ടികവർഗ്ഗ കോളനിയിലേക്കുള്ള റോഡ് നിർമ്മാണവും, കോൺക്രീറ്റ് | 38000 | 435/29.02.16 |
| 8 | ഹിന്ദിമുക്ക് മുക്കൻപാറപടി റോഡ് കോൺക്രീറ്റും, സംരക്ഷഭിത്തി (122/16) | 35000 | 431/25.02.16 |
| | ആകെ | 236600 | |

കരാറുകാരിൽ നിന്നും ജാമ്യനിക്ഷേപമായി ലഭിക്കുന്ന പലിശ കിട്ടുന്ന സെക്യൂരിറ്റികളുടെ കൈപ്പറ്റലും, തിരിച്ച നൽകലും നിരീക്ഷിക്കുവാനായി KPWD ഫാറം 81-ൽ പലിശകിട്ടുന്ന സെക്യൂരിറ്റികളുടെ രജിസ്റ്റർ സൂക്ഷിക്കുവാൻ കേരള പൊതുമരാമത്ത് അക്കൗണ്ട് കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട് (ഖ:15.6.1). എന്നാൽ സ്ഥാപനത്തിൽ ഈ വിധമുള്ള ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. സെക്യൂരിറ്റികൾ യഥാവിധി സൂക്ഷിച്ചിട്ടില്ലാത്തതിനാലും, ക്രമപ്രകാരം രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാലും സ്ഥാപനം കൈപ്പറ്റിയതും, തിരിച്ച നൽകിയതുമായ സെക്യൂരിറ്റികളുടെ എണ്ണം നിശ്ചയിക്കുവാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## (3-7) ആയുർവേദ ഡിസ്പൻസറി നിർമ്മിക്കുന്നതിന് സ്വകാര്യ വ്യക്തി വിട്ടു നൽകിയ ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിച്ചില്ല

ചിറ്റാർ ഗ്രാമപഞ്ചായത്തിലെ 10-ാം വാർഡ് നീലിപിലാവ് ശിശുമന്ദിരം നിൽക്കുന്ന ചിറ്റാർ വില്ലേജിലെ 970/1 സർവ്വേ നമ്പരിൽപ്പെട്ട 30 സെന്റ് സ്ഥലം പുളിമൂട്ടിൽ വീട്ടിൽ പരേതനായ ശ്രീ നാരായണൻ എന്ന വ്യക്തി ആയുർവേദ ഡിസ്പൻസറി നിർമ്മിക്കുന്നതിലേക്കായി 18.09.1982-ലെ റാന്നി സബ് രജിസ്ട്രാർ

ഓഫീസിലെ 2692-ാം നമ്പർ ആധാര പ്രകാരം സർക്കാരിന് വിട്ടു നിൽകിയിട്ടുള്ളതാണ്. പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശിശുമന്ദിരം സ്ഥിതിചെയ്യുന്നതായ പ്രസ്തുത സ്ഥലം പുളിമൂട്ടിൽ വീട്ടിൽ ശ്രീ ഗോപി എന്നയാൾ കൈയ്യേറി കൃഷി നടത്തുകയാണ്. കൈയ്യേറ്റം ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് പഞ്ചായത്ത് സെക്രട്ടറി 28.04.16-ൽ ചിറ്റാർ പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് പരാതി നൽകുകയും കരാറുകാരന് കൈയ്യേറ്റം ഒഴിയണമെന്നാവശ്യപ്പെട്ടുകൊണ്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് നടക്കുന്ന 2016, ഒക്ടോബർ മാസത്തിലും കൈയ്യേറ്റം ഒഴിപ്പിക്കുന്ന കാര്യത്തിൽ യാതൊരു പുരോഗതിയും ഉണ്ടായിട്ടില്ല. ലക്ഷങ്ങൾ വിലമതിക്കുന്ന (ഉദ്ദേശ്യം 30 ലക്ഷം) ഈ ഭൂമി ഒഴിപ്പിച്ചെടുക്കുന്ന തിന് പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തുനിന്നും ആത്മാർത്ഥമായ യാതൊരു ശ്രമവും ഉണ്ടായിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്ത് ഭരണ സമിതിയുടെ ഭാഗത്തുനിന്നുള്ള നിഷ്ക്രിയത്വമാണ് ഒഴിപ്പിക്കൽ നടപടി തടസ്സപ്പെടുന്നതിനുള്ള പ്രധാന കാരണം.

പഞ്ചായത്തിന്റെ വകയോ, അവയിൽ നിക്ഷിപ്തമായിരിക്കുന്നതോ ആയ ഏതെങ്കിലും ഭൂമിയിന്മേലുള്ള കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ ഗ്രാമപഞ്ചായത്തിനെ അധികാരപ്പെടുത്തുന്നുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായി ടി ഭൂമിയിലെ കൈയ്യേറ്റം ഒഴിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതും, വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## (3-8) റോഡിതര സംരക്ഷണ ഗ്രാന്റ് വിനിയോഗത്തിൽ വീഴ്ച

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റിന്റെ വിനിയോഗത്തിൽ വീഴ്ചയുണ്ടായിട്ടുണ്ട്. റോഡിതര ആസ്തികളുടെ മെയിന്റനൻസിനായി മെയിന്റനൻസ് പ്ലാൻ തയ്യാറാക്കിയിട്ടില്ല. മെയിന്റനൻസ് പ്ലാൻ എന്നാൽ നിലവിലുള്ള ആസ്തികളുടെ സംരക്ഷണത്തിനായി നടത്തുന്ന അറ്റകുറ്റപ്പണികൾ എന്ന് മാത്രമല്ല അർത്ഥമാക്കുന്നത്. ആസ്തികളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിനും ആസ്തികളിലൂടെ നൽകുന്ന സേവനം മെച്ചപ്പെടുത്തുന്നതിനും നിലവിലുള്ള ആസ്തികൾ വിപുലപ്പെടുത്തി കൈമാറി കിട്ടിയ സ്ഥാപനങ്ങളെ ഉന്നത നിലവാരത്തിലേക്ക് ഉയർത്തുന്നതിനും വേണ്ടിയുള്ള പ്ലാൻ എന്നാണ് അർത്ഥമാക്കേണ്ടത് [പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ – സി.ഉ.(എം.എസ്.)നമ്പർ 362/2013/ത.സ്വ.ഭ.വ., തീ.16.11.2013, ഖ: 11.1(x)(b)]. കൈമാറികിട്ടിയ സ്ഥാപനങ്ങളുടെ മേധാവികളിൽനിന്നും മാർഗ്ഗരേഖയിലെ അനുബന്ധം 11 പ്രകാരമുള്ള പ്രോഫോർമയിൽ പ്രോജക്ട് നിർദ്ദേശങ്ങൾ സ്വരൂപീക്കണമെന്നും മെയിന്റനൻസ് പ്ലാനിന് അന്തിമ രൂപം നൽകുന്നതിന് മുമ്പായി സ്ഥാപന മേധാവികളുടെ യോഗം വിളിച്ച് അംഗീകാരം വാങ്ങണമെന്നും, പ്രസ്തുത യോഗത്തിൽ അംഗീകരിച്ച പ്രോജക്ടുകളായിരിക്കണം മെയിന്റനൻസ് പ്ലാനിന്റെ ഭാഗമായി പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടതെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞ പ്രകാരമുള്ള ഒരു മെയിന്റനൻസ് പ്ലാൻ സ്ഥാപനത്തിൽ തയ്യാറിക്കിയിട്ടില്ല.

ഓഡിറ്റ് വർഷം റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തി ആവിഷ്കരിച്ച 29.07 ലക്ഷം രൂപ അടങ്കലുള്ള 9 പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടില്ല. പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കാതിരുന്നതിനാൽ കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെ പുനരുദ്ധാരണത്തിന് ചെലവഴിക്കാമായിരുന്ന 30.34 ലക്ഷം രൂപ ലാപ്സായി. മുൻവർഷങ്ങളിലെ സ്ഥിതിയും വ്യത്യസ്ഥമല്ല. 12-ാം പഞ്ചവത്സര പദ്ധതി (2012-17) കാലയളവിൽ പഞ്ചായത്ത് പാഴാക്കിയ റോഡിതര മെയിന്റനൻസ് ഗ്രാന്റിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | റോഡിതര സംരക്ഷണ ഗ്രാന്റ് വകയിരുത്തിയ പ്രോജക്ടുകളുടെ | അടങ്കൽ | നടപ്പിലാക്കിയത് | ചെലവഴിച്ച തുക | ലാപ്സായ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| | എണ്ണം | | | | | |
| 2012-13 | 21 | 2322453 | 11 | 877514 | 1444939 | 37.78 |
| 2013-14 | 25 | 4152599 | 18 | 3203702 | 948897 | 77.15 |
| 2014-15 | 23 | 4328897 | 17 | 2337016 | 1991881 | 53.99 |
| 2015-16 | 23 | 5189881 | 14 | 2155524 | 3034357 | 41.53 |

പദ്ധതിനിർവ്വഹണ മാർഗ്ഗരേഖയ്ക്ക് അനുസൃതമായി മെയിന്റനൻസ് പ്ലാൻ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിലും, സമയ ബന്ധിതമായി ഫണ്ട് വിനിയോഗിക്കുന്നതിലും ഉണ്ടായിട്ടുള്ള വീഴ്ച അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഭാവിയിൽ ഫണ്ട് വിനിയോഗം കാര്യക്ഷമമാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## (3-9) പദ്ധതി നടത്തിപ്പിൽ അലംഭാവം; റോഡ് മെയിന്റനൻസ് ഗ്രാന്റ് 30.41 ലക്ഷം രൂപ പാഴാക്കി

ഓഡിറ്റ് വർഷം റോഡ് മെയിന്റനൻസ് ഗ്രാന്റ് ഇനത്തിൽ ലഭ്യമായ 66.04 ലക്ഷം രൂപയിൽ 35.62 ലക്ഷം രൂപ മാത്രമാണ് ചെലവഴിച്ചിട്ടുള്ളത് (46%). മെയിന്റനൻസ് ഗ്രാന്റിൽനിന്നും 24 ലക്ഷം രൂപ വകയിരുത്തി ആവിഷ്കരിച്ച ചുവടെ ചേർക്കുന്ന 4 റോഡ് നിർമ്മാണ പ്രവൃത്തികളുടെ നിർവ്വഹണത്തിനാവശ്യമായ യാതൊരു നടപടികളും നിർവ്വഹണ ഉദ്യോഗസ്ഥൻ കൈകൊണ്ടില്ല.

| ക്രമ നം. | പ്രോജക്ട് നം. | പ്രവൃത്തിയുടെ പേര് | അടങ്കൽ |
|---|---|---|---|
| 1 | 80/16 | കുരിശുംമൂട് ഒറ്റതെങ്ങ് റോഡിൽ ടാറിംഗും സംരക്ഷണഭിത്തി നിർമ്മാണവും | 569526 |
| 2 | 124/16 | ഫാക്ടറിപടി മീൻകുഴി വടക്കേക്കര എൻ.എസ്.എസ്.പടി റോഡ് റീടാറിംഗ് | 916929 |
| 3 | 189/16 | കൊച്ചുകുളങ്ങറവാലി റോഡിൽ സംരക്ഷണഭിത്തി നിർമ്മാണം | 458461 |
| 4 | 190/16 | ഇടനാട്ടിൽപടി റോഡ് സംരക്ഷണഭിത്തി നിർമ്മാണം | 458461 |
| | | ആകെ | 2403377 |

പ്രോജക്ട് തയ്യാറാക്കിയതിലൂടെ ജനങ്ങൾക്ക് നല്കിയ വാഗ്ദാനം ലംഘിക്കുക മാത്രമല്ല തൻവർഷം ചെലവഴിക്കേണ്ട വൻതുക ചെലവഴിക്കാതെ നഷ്ടമാകുന്നതിനും ഇടയായത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള ഗുരുതര വീഴ്ചയായി ഓഡിറ്റ് നിരീക്ഷിക്കുന്നു.

ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ നിർവഹണം സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പുകളുടെ പങ്കാളിത്തത്തോടെ ഒരു നിർവഹണ കലണ്ടർ തയ്യാറാക്കേണ്ടതും, നിർവഹണ കലണ്ടർ അനുസരിച്ച് ഓരോ മാസവും നിർവഹണം ആരംഭിക്കേണ്ട പ്രോജക്ടുകൾ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ ശുപാർശ പ്രകാരം ഭരണസമിതി നിർവഹണ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും, അവർ പ്രോജക്ട് പ്രകാരം നടപടികൾ ആരംഭിക്കേണ്ടതും, നിർവഹണ പുരോഗതി വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം അവലോകനം നടത്തേണ്ടതുമാണ്.

## (3-10) തെരുവ് വിളക്കുകളുടെ പരിപാലനം; പാഴ്ച്ചെലവ് ഒഴിവാക്കാൻ അടിയന്തിര നടപടി അനിവാര്യം

കേരള പഞ്ചായത്ത് രാജ് നിയമ പ്രകാരം തെരുവ് വിളക്കുകളുടെ പരിപാലനം ഗ്രാമപഞ്ചായത്തിന്റെ അനിവാര്യ ചുമതലയാണ് [166-ാം വകുപ്പ് (1)-ാം ഉപവകുപ്പ് - 3-ാം പട്ടിക]. എന്നാൽ ഈ ചുമതല പഞ്ചായത്ത് കൃത്യമായി നിർവ്വഹിക്കുന്നില്ല. വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രം തെരുവ് വിളക്കുകൾക്കാവശ്യമായ സാധന സാമഗ്രികൾ വാങ്ങി വിതരണം ചെയ്യുന്നതൊഴിച്ചാൽ തെരുവ് വിളക്കുകൾ സംബന്ധിച്ച പരാതികൾ രജിസ്റ്റർ ചെയ്യുന്നതിനോ, അവ സമയബന്ധിതമായി അറ്റകുറ്റപ്പണി നടത്തി പ്രവർത്തന ക്ഷമമാക്കുന്നതിനോ ഉള്ള ഒരു സ്ഥിരം സംവിധാനത്തിന്റെ അഭാവം ഉണ്ട്. ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ എണ്ണം, തരം, അവ സ്ഥാപിച്ചിട്ടുള്ള പോസ്റ്റ് നമ്പർ ഉൾപ്പെടെ രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. വൈദ്യുതി ബോർഡ് അധികൃതർ ലഭ്യമാക്കിയ കണക്ക് പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള തെരുവ് വിളക്കുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | എണ്ണം | നിരക്ക് (6/2014) | ചാർജ്ജ് |
|---|---|---|---|
| സിഎഫ്എൽ (11W) | 307 | 7 | 2149 |
| ഡബിൾ ട്യൂബ് ലൈറ്റ് (2x40W) | 103 | 124 | 12772 |
| ബൾബ് 40 വാട്ട് | 151 | 61 | 9211 |
| മെർക്കുറി വേപ്പർ ലാമ്പ് (250W) | 5 | 414 | 2070 |
| ആകെ | 566 | | 26202 |

തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്ജ് ഇനത്തിൽ പ്രതിമാസം 26202 രൂപ ഗ്രാമപഞ്ചായത്ത് ഒടുക്കിവരുന്നുണ്ട്. എന്നാൽ കൃത്യമായ പരിപാലനം ഇല്ലാത്തതിനാൽ നിലവിലുള്ള വിളക്കുകളെല്ലാം പ്രകാശിക്കുന്നുണ്ടെന്ന് ഉറപ്പാക്കാനാവില്ല. കൂടുതൽ ഊർജ്ജ ഉപഭോഗവും വൈദ്യുതി നിരക്കും ഉള്ള 151 ഓർഡിനറി ബൾബുകൾ ഉള്ളതായി വൈദ്യുതി ബോർഡിന്റെ കണക്കുകൾ സൂചിപ്പിക്കുന്നു. എന്നാൽ തെരുവ് വിളക്കുകൾ പ്രകാശിപ്പിക്കുന്നതിന് നിലവിൽ ഓർഡിനറി ബൾബുകൾ ഉപയോഗിക്കുന്നില്ലെന്നത് ഗ്രാമപഞ്ചായത്ത് അധികൃതർക്ക് അറിവുള്ള വസ്തുതയാണ്. ഓഡിറ്റ് സമാപന മീറ്റിംഗിൽ പങ്കെടുത്ത പ്രസിഡന്റും, ജനപ്രതിനിധികളും ഈ കാര്യം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതാണ്. നിലവിലില്ലാത്ത ബൾബുകളുടെ താരിഫ് ഇനത്തിൽ പ്രതിമാസം 9211 രൂപയാണ് ഗ്രാമപഞ്ചായത്ത് പാഴാക്കുന്നത്. ഇത് പഞ്ചായത്ത് ഫണ്ടിന്റെ വ്യക്തമായ നഷ്ടമാണ്. ഈ ഇനത്തിലുള്ള പാഴ്ചെലവ് ഒഴിവാക്കുന്നതിന് കെ.എസ്.ഇ.ബി-യുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്ത് സത്വര നടപടി സ്വീകരിക്കേണ്ടതാണ്. തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ടുള്ള ഫണ്ട് ചോർച്ച തടയുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും ഇടപെടലുകൾ അനിവാര്യമാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ

1. തെരുവുവിളക്കുകൾക്ക് മീറ്റർ സ്ഥാപിക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.
2. വൈദ്യുതി ബോർഡുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള പ്രവർത്തനക്ഷമമായ, തെരുവ് വിളക്കുകളുടെ എണ്ണം, തരം, അവ സ്ഥാപിച്ചിട്ടുള്ള സ്ഥലം (പോസ്റ്റ് നമ്പർ ഉൾപ്പടെ) എന്നിവ തിട്ടപ്പെടുത്തി രജിസ്റ്ററിൽ രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

3. തെരുവ് വിളക്കുകളുടെ മെയിന്റനൻസിന് ഗ്രാമപഞ്ചായത്ത് പ്രായോഗികവും, വ്യക്തവുമായ നയം രൂപീകരിക്കേണ്ടതാണ്. ഇത് സംബന്ധിച്ച് ബഹു.പഞ്ചായത്ത് ഡയറക്ടർ 17.08.15-ൽ പുറപ്പെടുവിച്ചിട്ടുള്ള ജി2-44274/2015 നമ്പർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി തെരുവ് വിളക്കുകളുടെ പരിപാലനം ചിട്ടപ്പെടുത്തേണ്ടതാണ്.

4. ഊർജ്ജ ഉപഭോഗം കുറവുള്ള ലാമ്പുകൾ സ്ഥാപിക്കുന്നതിനുള്ള പ്രൊജക്ടുകൾ ആവിഷ്കരിച്ച് വൈദ്യുതി ചാർജ്ജ് ക്രമീകരിക്കേണ്ടതാണ്.

## (3-11) പൊതു ടാപ്പുകളുടെ വെള്ളക്കരം - ചെലവ് നിയന്ത്രണവിധേയമാക്കേണ്ടതാണ്

പഞ്ചായത്തിലെ പ്രധാനപ്പെട്ട ഒരു ആവർത്തന ചെലവാണ് പൊതുടാപ്പുകളുടെ വെള്ളക്കരം. ഓഡിറ്റ് കാലയളവിൽ ഗ്രാമപഞ്ചായത്തിൽ 205 പൊതു ടാപ്പുകൾക്ക് പ്രതിമാസം 89688 രൂപ ക്രമത്തിൽ ഒടുക്കുവരുത്തുന്നു (പ്രതിവർഷം ₹10.76 ലക്ഷം). വെള്ളക്കരം ഒടുക്കുന്നതിന് പഞ്ചായത്ത് വൻതുകയാണ് പ്രതിവർഷം ചെലവഴിക്കുന്നതെങ്കിലും ആയതിന് ആനുപാതികമായ പ്രയോജനം പൊതുജനങ്ങൾക്ക് ലഭിക്കുന്നുണ്ടോയെന്ന് ഒരു തലത്തിലും പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി പ്രവർത്തനക്ഷമമായ ടാപ്പുകളുടെ എണ്ണം നിജപ്പെടുത്തിയിട്ടില്ല. ആയതിനാൽ പ്രവർത്തന ക്ഷമമായ ടാപ്പുകൾക്കുൾക്കാണ് പഞ്ചായത്ത് വെള്ളക്കരം ഒടുക്കുന്നതെന്ന് ഉറപ്പാക്കാൻ ഓഡിറ്റിൽ കഴിഞ്ഞിട്ടില്ല.

പൊതുടാപ്പുകളുള്ള കുടിവെള്ള പദ്ധതികളെക്കാൾ, സബ്സിഡി നിബന്ധനകൾക്ക് വിധേയമായി കുടുംബങ്ങൾക്ക് ഗാർഹിക കണക്ഷൻ നൽകുന്ന പദ്ധതികൾക്ക് മുൻഗണന നൽകണമെന്ന് പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിട്ടുണ്ട്. ഗാർഹിക കണക്ഷൻ നൽകുമ്പോൾ ഒരു പ്രദേശത്തെ മുഴുവൻ വീടുകൾക്കും (സബ്സിഡിക്ക് അർഹതിയില്ലാത്തവരിൽനിന്ന് മുഴുവൻ തുകയും ഈടാക്കി) ലഭ്യമാക്കേണ്ടതും അപ്രകാരം ചെയ്തതിനുശേഷം ആ പ്രദേശത്തെ പൊതു ടാപ്പുകൾ നിർത്തലാക്കേണ്ടതുമാണ് (സ.ഉ.(എം.എസ്.)നം.362/2013/ത.സ്വ.ഭ.വ., തീ. 16.11.2013 – പേജ് 42, ഖ.2). സർക്കാർ നിർദ്ദേശത്തിന് അനുസൃതമായി പൊതു ടാപ്പുകളുടെ എണ്ണം പരമാവധി കുറച്ചുകൊണ്ടുവരുന്നത് ഗ്രാമപഞ്ചായത്തിന്റെ ഉത്തമ താല്പര്യങ്ങൾക്ക് അനുഗുണമായിരിക്കും.

ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ ഭാഗത്തുനിന്നും ക്രിയാത്മക നടപടികൾ ഉണ്ടാകേണ്ടതാണ്.

## (3-12) ശബരിമല ഇടത്താവളം മെയിന്റനൻസും, റൂഫിംഗും; കരാറുകാരന് ലാഭവും, പഞ്ചായത്ത് ഫണ്ടിന് വൻ നഷ്ടവും

ശബരിമല മണ്ഡല മകരവിളക്ക് ഉത്സവകാലത്ത് ചിറ്റാറിൽ എത്തുന്ന അയ്യപ്പഭക്തൻമാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് പഞ്ചായത്ത് കോമ്പൗണ്ടിൽ നിലവിലുള്ള ഇടത്താവളത്തിന് മുകളിൽ (9, 10 പഞ്ചവത്സര പദ്ധതി കാലയളവിൽ ശബരിമല സ്പെഷ്യൽ ഫണ്ട് വിനിയോഗിച്ച് ശബരിമല ഇടത്താവളത്തിനായി ഗ്രാമപഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ ഇപ്പോൾ വി.ഇ.ഒ. ഓഫീസ്, ഹോമിയോ ആശുപത്രി എന്നിവയാണ് പ്രവർത്തിക്കുന്നത്) അലൂമിനിയം റൂഫിംഗ് ഷീറ്റ് ഉപയോഗിച്ച് മേൽക്കൂര നിർമ്മിക്കുന്നതിനും, അരഭിത്തിയും, ഗ്രില്ലും സ്ഥാപിക്കുന്നതിനും പൊതുവിഭാഗം വികസന ഫണ്ടിൽനിന്നും 10 ലക്ഷം രൂപ വകയിരുത്തി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം വാങ്ങി. ടെണ്ടർ ചെയ്ത ഈ പ്രവൃത്തിയുടെ കരാറുകാരൻ (ശ്രീ ഷാജി വി.എ., വെള്ളാപള്ളിൽ) 23.03.16-ൽ 693835 രൂപയുടെ പാർട്ട് ബിൽ സമർപ്പിക്കുകയും, നിയമപരമായ നികുതികളും, റീടെൻഷൻ തുകയും കിഴിച്ച് 548130 രൂപ പ്രതിഫലം കൈപ്പറ്റുകയും ചെയ്തു. ഈ പ്രവൃത്തിയുടെ എം.ബുക്ക് പരിശോധിക്കുകയും, പ്രവൃത്തി ഭൗതിക പരിശോധനയ്ക്ക്

വിധേയമാക്കുകയും ചെയ്യതിൽ ശ്രദ്ധയിൽപ്പെട്ട അപാകത ചുവടെ ചേർക്കുന്നു.

പ്രവൃത്തിയുടെ ഇനം 4 പ്രകാരം 171.69m$^2$ (1848 ച.അടി) റൂഫിംഗ് പ്രവൃത്തിയാണ് നടത്തിയിട്ടുള്ളത്. ഇതിനായി പ്രവൃത്തി ഇനം 4, 5 എന്നിവ പ്രകാരം 150316.80 രൂപയാണ് ചെലവ് വന്നിട്ടുള്ളത്. എന്നാൽ അലൂമിനിയം ഷീറ്റ് മേയുന്നതിനായി ട്രസ്സ് വർക്ക് നടത്തുന്നതിന് മാത്രമായി ഇനം 2, 3 എന്നിവ പ്രകാരം 441725.97 രൂപയാണ് ചെലവഴിച്ചിട്ടുള്ളത്. പ്രവൃത്തിയുടെ ഭൗതിക പരിശോധന നടത്തിയതിൽനിന്നും പ്രവൃത്തിയുടെ തൃപ്തികരമായ പൂർത്തീകരണത്തിന് ആവശ്യമുള്ളതിൽ അധികം മെറ്റീരിയത്സ് ഉപയോഗിച്ചാണ് ട്രസ്സ് വർക്ക് നടത്തിയിട്ടുള്ളതെന്ന് വ്യക്തമായിട്ടുണ്ട്. GI tubular rectangular hollow tubes ഉപയോഗിച്ചാണ് ട്രസ്സ് നിർമ്മിച്ചിട്ടുള്ളത്. ഇതിനായി 2981.29 കി.ഗ്രാം GI tube ആണ് ഉപയോഗിച്ചിട്ടുള്ളത്. ആവശ്യമായതിൽ അധികം മെറ്റീരിയത്സ് ഉപയോഗിച്ചുവെന്ന് പ്രഥമ ദൃഷ്ടിയിൽതന്നെ വ്യക്തമാണ്. പൊതു ഖജനാവിന് വൻ നഷ്ടം വരുന്ന രീതിയിൽ അസി.എഞ്ചിനീയർ ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി പ്രവൃത്തി നടത്തിയതായാണ് ഓഡിറ്റ് കണ്ടെത്തൽ. ഈ പദ്ധതിയുടെ ഫൈനൽ ബിൽ കരാറുകാരൻ ഓഡിറ്റ് തീയതി വരെ സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് ഫണ്ടിന് നഷ്ടം വരുന്ന തരത്തിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ പ്രവർത്തിച്ചത് സംബന്ധിച്ച് പഞ്ചായത്ത് ഭരണസമിതി തലത്തിൽ അന്വേഷണം നടത്തി ഉചിതമായ തുടർനടപടി സ്വീകരിക്കുന്നതിന് ഓഡിറ്റ് ശുപാർശ ചെയ്യുന്നു.

## (3-13) കേരള ലോക്കൽ ഗവ: സർവ്വീസ് ഡലിവറി പ്രോജക്ട് (KLGSDP) - വികലമായ പദ്ധതി നടത്തിപ്പ്

തദ്ദേശ ഭരണ സംവിധാനത്തിന്റെ സ്ഥാപനതല കാര്യശേഷി വർദ്ധിപ്പിക്കുന്നതിനും ജനങ്ങൾക്കു നല്ലന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുമായി വേൾഡ് ബാങ്ക് ധനസഹായത്തോടെ ആവിഷ്കരിച്ച പദ്ധിയാണ് കേരള ലോക്കൽ ഗവ:സർവ്വീസ് ഡലിവറി പ്രോജക്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യശേഷി വർദ്ധിപ്പിക്കുക, സാമ്പത്തികവും വികസനപരവുമായ പ്രവർത്തനം മെച്ചപ്പെടുത്തുക, പരിശീലന പരിപാടികൾ കുറ്റമറ്റതാക്കുക, സ്ഥിതിവിവര കണക്കുകൾ പൂർണ്ണമാക്കുക തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സഹായിക്കുക, ജനങ്ങൾക്ക് നല്ലന്ന സേവനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക എന്നിവയായിരുന്നു പ്രോജക്ടിന്റെ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ. 16.11.11-ലെ ജി.ഒ.(ആർ.ടി) 2668/11/തസ്വഭവ പ്രകാരം പുറപ്പെടുവിച്ച അധിക മാർഗ്ഗരേഖയിൽ ഫ്രണ്ട് ഓഫീസ് സംവിധാനം, തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ എന്നിങ്ങനെയുള്ള സേവന പ്രദാനം മെച്ചപ്പെടുത്തുന്ന രീതിയിലുള്ള പ്രോജക്ടുകൾ ലോകബാങ്ക് വിഹിതം വിനിയോഗിച്ചുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു.

എന്നാൽ ഗ്രാമപഞ്ചായത്ത് പെർഫോമൻസ് ഗ്രാന്റിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ ഉൾക്കൊള്ളാതെ ലഭ്യമായ ഫണ്ട് പൂർണ്ണമായും റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കായി വിനിയോഗിക്കുകയാണുണ്ടായത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | പ്രവർത്തികളുടെ എണ്ണം | അടങ്കൽ | ചെലവ് | ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം |
|---|---|---|---|---|
| 2012-13 | 25 | 2884000 | 2787293 | റോഡ് കോൺക്രീറ്റിംഗ് - 21 എണ്ണം<br>റോഡ് ടാറിംഗ് - 1<br>റോഡ് സംരക്ഷണഭിത്തി - 3 |

| | | | | |
|---|---|---|---|---|
| 2013-1314 | 8 | 2208707 | 1642708 | റോഡ് കോൺക്രീറ്റിംഗ് - 8 എണ്ണം |
| 2014-15 | 1 | 565999 | 565999 | റോഡ് കോൺക്രീറ്റിംഗ് |
| 2015-16 | 8 | 2548000 | 2211089 | റോഡ് കോൺക്രീറ്റിംഗ് - 8 എണ്ണം |

കഴിഞ്ഞ 4 വർഷകലത്തിനുള്ളിൽ KLGSDP പദ്ധതിയിൻകീഴിൽ 72 ലക്ഷത്തിൽ പരം രൂപയാണ് ഗ്രാമപഞ്ചായത്ത് ചെലവഴിച്ചത്. ജില്ലയിലെ ഗ്രാമപഞ്ചായത്തുകളിൽ അടിസ്ഥാന സൗകര്യങ്ങളുടെ കാര്യത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നായി ചിറ്റാർ ഗ്രാമപഞ്ചായത്ത് മാറിയിരിക്കുന്നു. ഓഫീസ് സൗകര്യങ്ങൾ ശോചനീയമാണ്. സ്ഥലസൗകര്യം തീരെയില്ല. ഫ്രണ്ട് ഓഫീസിൽ പൊതുജനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. റിക്കോർഡ് റൂം സജ്ജീകരിച്ചിട്ടില്ല. പഞ്ചായത്ത് കമ്മിറ്റിക്ക് യോഗം ചേരുന്നതിനുപോലും സൗകര്യപ്രദമായ മുറിയും, ഫർണിച്ചറുകളും ഇല്ല. സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻമാർക്ക് ഗ്രാമപഞ്ചായത്തിൽ ഇരിപ്പിടമില്ല. വനിതകളായ ജനപ്രതിനിധികൾക്ക് വിശ്രമിക്കുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടില്ല.

ഗ്രാമപഞ്ചായത്ത് ഓഫീസിന്റെയോ, പി.എച്ച്.സി.തുടങ്ങി കൈമാറിക്കിട്ടിയ സ്ഥാപനങ്ങളുടെയോ അടിസ്ഥാന സൗകര്യ വികസനത്തിനായി യാതൊന്നും ചെയ്യാതെ കിട്ടിയ ഫണ്ട് മുഴുവൻ റോഡ് പണിക്ക് നീക്കിവച്ചത് ഗ്രാമപഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുള്ള ഭാവനാശൂന്യമായ നടപടിയായി ഓഡിറ്റ് വിലയിരുത്തുന്നു. പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യ വികസനത്തിന് പഞ്ചായത്ത് ഭരണ സമിതി മുന്തിയ പരിഗണന നൽകണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## (3-14) ഖരമാലിന്യ പ്രശ്നം പരിഹാരമില്ലാതെ തുടരുന്നു; അടിയന്തിര നടപടി അനിവാര്യം

ചിറ്റാർ മാർക്കറ്റിലും, ടൗണിലും ഉല്പാദിപ്പിക്കുന്ന ഖരമാലിന്യങ്ങളുടെ നിർമ്മാർജ്ജനം ഗ്രാമപഞ്ചായത്ത് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നങ്ങളിലൊന്നാണ്. വർഷങ്ങളായി തുടരുന്ന ചിറ്റാർ മാർക്കറ്റിലെ രൂക്ഷമായ ഖരമാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് ഗ്രാമപഞ്ചായത്ത് ദയനീയമായി പരാജയപ്പെട്ടിരിക്കുന്നു. അശാസ്ത്രീയവും, പരിസ്ഥിതിക്ക് ദോഷകരമായ രീതിയിലാണ് വർഷങ്ങളായി ഗ്രാമപഞ്ചായത്ത് ഖരമാലിന്യം കൈകാര്യം ചെയ്തുവരുന്നത്. ഓഡിറ്റ് കാലയളവിൽ മാലിന്യം നീക്കം ചെയ്യുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് സ്വകാര്യ വ്യക്തികളെ ചുമതലപ്പെടുത്തുകയാണ് ഗ്രാമപഞ്ചായത്ത് ചെയ്തിട്ടുള്ളത്. 2015 സെപ്റ്റംബർ വരെ ശ്രീ ബഷീർ, പുത്തൻ വീട്ടിൽ, ചിറ്റാർ എന്ന വ്യക്തിയും, തുടർന്ന് ശ്രീ റഹിംകുട്ടി, ഓമണ്ണിൽ, ചിറ്റാർ എന്ന വ്യക്തിയുമാണ് മാലിന്യം സംസ്കരിക്കുന്നതിന് കരാറെടുത്തിരുന്നത്. പ്രതിമാസം യഥാക്രമം 12500 രൂപയും, 9300 രൂപയുമായിരുന്നു പ്രതിഫലമായി നൽകിയിരുന്നത്. മാർക്കറ്റിൽനിന്നും ശേഖരിക്കുന്ന മാലിന്യം ഈ വ്യക്തികൾ സ്വന്തം നിലയ്ക്ക് ദൂരെ സ്ഥലങ്ങളിൽ കൊണ്ടുപോയി നിക്ഷേപിക്കുകയാണ് ചെയ്തിരുന്നത്. മാലിന്യ ശേഖരണവും, നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട കൃത്യമായ വ്യവസ്ഥകൾ ഉൾപ്പെടുത്തി ഒരു ഉടമ്പടിപോലും ചമക്കാതെയാണ് ഈ ജോലി പുറം കരാർ നൽകിയത്. മാലിന്യം നിക്ഷേപിക്കുന്നതിന് ഗ്രാമപഞ്ചായത്ത് അനുയോജ്യമായ സ്ഥലം കണ്ടെത്തി നൽകുകപോലും ഉണ്ടായിട്ടില്ല.

മാലിന്യങ്ങൾ ആത്യന്തികമായി കൈയൊഴിക്കുന്ന ആവശ്യത്തിലേക്കായി ഓരോ പഞ്ചായത്തും അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുകയും വിജ്ഞാപനം ചെയ്യുകയും ചെയ്യേണ്ടതാണെന്ന് 1998-ലെ കെ.പി.ആർ.(പൊതുകക്കൂസുകൾ, മൂത്രപ്പുരകൾ, കളിസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണവും സംരക്ഷണവും സ്വകാര്യ പരിസരങ്ങളിലെ ശുചീകരണവും) ചട്ടങ്ങളിലെ, ചട്ടം 15 നിഷ്കർഷിച്ചിട്ടുണ്ട്. മാത്രവുമല്ല ഖരമാലിന്യം നിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. 73, 74 ഭരണഘടന ഭേദഗതികളിൽ ഇക്കാര്യം വ്യക്തമാക്കിയിട്ടുള്ളതാണ്. 1994-ലെ കേരള പഞ്ചായത്ത് രാജ് അക്റ്റിൽ

തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാരം കടമകൾ എന്നിവ നിർവചിച്ചിട്ടുള്ളതിൽ പൊതുജനാരോഗ്യം, ശുചീകരണം, ഖരമാലിന്യ നിർമ്മാർജ്ജനം, അഴുക്കുചാൽ നിർമ്മാണം എന്നിവ അനിവാര്യ ചുമതലകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ മാലിന്യ ശേഖരണം, സംസ്കരണം എന്നിവ ഉൾപ്പെടെയുള്ള ശുചീകരണ പ്രവർത്തനങ്ങൾ പ്രാഥമിക ചുമതലയായി കണക്കാക്കി പ്രവർത്തിച്ചിരിക്കണം. വരുമാനത്തിന്റെ 30% തുക പൊതുജനാരോഗ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിച്ചിരിക്കണം എന്നാണ് വ്യവസ്ഥ. എന്നാൽ ഖരമാലിന്യ നിർമ്മാർജ്ജനം കാര്യക്ഷമമാക്കുന്ന കാര്യത്തിൽ ദീർഘകാലാടിസ്ഥാനത്തിലുള്ള യാതൊരു പദ്ധതികളും ഗ്രാമപഞ്ചായത്തിന്റെ മുമ്പിലില്ല.

12-ാം പഞ്ചവത്സര പദ്ധതി അവസാനിക്കുമ്പോഴേക്കും ഓരോ പ്രദേശത്തിന്റേയും മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുക എന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ കർമ്മ പദ്ധതി തയ്യാറാക്കണമെന്ന് 12 പദ്ധതി നിർവ്വഹണ മാർഗ്ഗരേഖയിൽ സർക്കാർ നിഷ്കർഷിച്ചിരുന്നു. 2012-13 മുതൽ ഇങ്ങോട്ട് എല്ലാ വാർഷിക പദ്ധതികളിലും ഖരമാലിന്യ നിർമ്മാർജ്ജനത്തിന് പദ്ധതികൾ ഉൾപ്പെടുത്തിയിരുന്നെങ്കിലും അവയൊന്നും നടപ്പാക്കിയിട്ടില്ല. വാർഷിക പദ്ധതിയ്ക്ക് അംഗീകാരം കിട്ടുന്നതിലേക്ക് മാത്രമായാണ് ഇപ്രകാരം മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്നതെന്ന് വേണം അനുമാനിക്കാൻ. ഈ വിഷയത്തിൽ ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു. ഗ്രാമപഞ്ചായത്തിലെ മാലിന്യ പ്രശ്നത്തിന് ശാശ്വത പരിഹാരം ഉണ്ടാക്കുന്നതിനുള്ള ഒരു കർമ്മ പദ്ധതി അടിയന്തിരമായി തയ്യാറാക്കേണ്ടതാണ്.

## (3-15) അസി. എഞ്ചിനീയറുടെ പ്ലാൻ ഇംപ്ലിമെന്റേഷൻ അക്കൗണ്ടിൽ വൻതുക ബാലൻസ് അവശേഷിക്കുന്നു

ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള ധനവിനിയോഗ മാർഗ്ഗരേഖ പ്രകാരം (ജി.ഒ.(പി)177/2006/ധന, തീ. 12.04.06) നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്നും ബില്ലുകൾ വഴി പിൻവലിക്കുന്ന തുകകളും പദ്ധതി നിർവ്വഹണ ആവശ്യത്തിനായി നിർവ്വഹണ ഉദ്യോഗസ്ഥന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ ആരംഭിച്ച അക്കൗണ്ടിൽ നിക്ഷേപിക്കുകയും ഉടൻ തന്നെ ഡി.ഡി. വാങ്ങി ബന്ധപ്പെട്ടവർക്ക് വിതരണം ചെയ്യുകയും വേണം. ഡി.ഡി.വാങ്ങാനുള്ള തുകയല്ലാതെ മറ്റു തുകകൾ ഈ അക്കൗണ്ടിൽ നിക്ഷേപിക്കരുത്. ഓരോ മാസവും അവസാനം വിതരണം ചെയ്യാനാകാതെ 30 ദിവസത്തിലധികമായി സൂക്ഷിച്ചിരിക്കുന്ന തുകകൾ ട്രഷറി ചെലാൻ മുഖേന തിരിച്ചടയ്ക്കണം. ദേശസാൽകൃത ബാങ്കിൽ അടച്ച തുകയുടെ വിവരങ്ങൾ പ്രത്യേക രജിസ്റ്ററിൽ എഴുതി സൂക്ഷിക്കുകയും വേണം.

എൽ.എസ്.ജി.ഡി. അസി.എഞ്ചിനീയറുടെ പദ്ധതി നിർവ്വഹണ അക്കൗണ്ട് പരിശോധിച്ചതിൽ വൻതുക വിതരണം ചെയ്യാതെ അവശേഷിക്കുന്നതായി കാണുന്നു. കേരള ഗ്രാമീൺ ബാങ്കിന്റെ ചിറ്റാർ ശാഖയിൽ (അക്കൗണ്ട് നം.4031811 0100012) 2011-12 വർഷം മുതൽ 195576 രൂപ തിരിച്ചറിയപ്പെടാതെ അവശേഷിക്കുന്നുണ്ട്. ഈ തുകയ്ക്ക് ബാങ്ക് പലിശ നൽകുന്നുമില്ല. ട്രഷറിയിൽനിന്നും പിൻവലിച്ചിട്ടുള്ള തുകകൾ വിതരണം ചെയ്യാതെ ബാങ്ക് അക്കൗണ്ടിൽ അവശേഷിപ്പിക്കുന്നത് ക്രമവിരുദ്ധമായ നടപടിയാണ്. അക്കൗണ്ടിൽ അവശേഷിക്കുന്ന തുക ഏത് ഇനത്തിലുള്ളതാണെന്ന് ട്രഷറിയിൽനിന്നും മാറി ബാങ്കിൽ അടച്ച തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മനസ്സിലാക്കുന്നതിന് സാധിച്ചിട്ടില്ല. ബാങ്കിൽ അടയ്ക്കുന്ന തുകകളുടെ വിവരം രേഖപ്പെടുത്തുന്ന രജിസ്റ്റർ സൂക്ഷിക്കേണ്ടതും, അക്കൗണ്ടിൽ അവശേഷിക്കുന്ന തുക എത്രയും വേഗം കൺസോളിഡേറ്റഡ് ഫണ്ടിൽ തിരികെ ഒടുക്കേണ്ടതാണ്.

## (3-16) കരാറുകാർ നികുതി കോമ്പൗണ്ട് ചെയ്യുന്നതിനുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല - കുറഞ്ഞ നിരക്കിൽ നികുതി ഈടാക്കിയത്

ഓഡിറ്റ് വർഷം (2015-16) ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പ്രവൃത്തികളുടെ കരാറെടുത്തിരുന്ന കോൺട്രാക്ടർമാർ തൻ വർഷം നികുതി കോമ്പൗണ്ട് ചെയ്തിട്ടുള്ളതിന് തെളിവായി ഫാറം 1-ഇ (Form No.1E)-ലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. എന്നാൽ ഇവർക്ക് നൽകിയിട്ടുള്ള ബിൽ തുകകളിൽനിന്നും നികുതി കോമ്പൗണ്ട് ചെയ്ത കരാറുകാർക്ക് അർഹമായ 4 ശതമാനം നിരക്കിലാണ് VAT ഈടാക്കിയിട്ടുള്ളതെന്ന് കാണുന്നു. ഫാറം 1-ഇ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ലാത്തതിനാൽ നികുതി കോമ്പൗണ്ടുചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കാനായിട്ടില്ല. വാറ്റ് രജിസ്ട്രേഷൻ ഉള്ളതും, നികുതി കോമ്പൗണ്ട് ചെയ്തിട്ടില്ലാത്തവരുമായ കരാറുകാരിൽനിന്നും പ്രവൃത്തി മൂല്യത്തിന്റെ 8% നികുതിയാണ് ഈടാക്കേണ്ടത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര്, ചെലവിന്റെ വിവരം | പ്രവൃത്തി മൂല്യം | ഈടാക്കിയ നികുതി (4%) | ഈടാക്കേണ്ടിയിരുന്ന നികുതി (8% നിരക്കിൽ) | കുറവ് |
|---|---|---|---|---|---|
| 1 | ശബരിമല ഇടത്താവളം മെയിന്റനൻസ് റൂഫിംഗ്<br>പ്രോജക്ട് നം. 121/16<br>അടങ്കൽ - ₹1000000<br>കരാറുകാരൻ - ശ്രീ വി.എ. ഷാജി, വെള്ളാപള്ളിൽ<br>ചെലവ് - ₹548130 (Part Bill)<br>എം.ബുക്ക് നം. -57 /15-16<br>ട്രഷറി ബിൽ നം., തീ.75/15-16/31.03.16 | 548130 | 21925 | 43850 | 21925 |

| | | | | | |
|---|---|---|---|---|---|
| 2 | മൂക്കൻപാറപടി സൊസൈറ്റിപ്പടി റോഡ് കോൺക്രീറ്റ് & പാർശ്വഭിത്തി നിർമ്മാണം<br>പ്രോജക്റ്റ് നം. 92/16<br>അടങ്കൽ - ₹949798<br>കരാറുകാരൻ - ശ്രീ കെ. രാജൻ<br>ചെലവ് - ₹621406<br>എം.ബുക്ക് നം. 58/15-16 (Part Bill)<br>ട്രഷറി ബിൽ നം., തീ. 73/15-16/31.03.16 | 621406 | 24856 | 49712 | 24856 |
| 3 | സബ്ട്രഷറി കെട്ടിടം സ്ട്രോംഗ് റൂ & ഫർണിഷിംഗ്<br>പ്രോജക്റ്റ് നം. 157/16<br>അടങ്കൽ - ₹800000<br>കരാറുകാരൻ - ശ്രീ എസ്.അജീഷ്<br>ചെലവ് - ₹686357 | 686357 | 27454 | 54909 | 27454 |

| | | | | | |
|---|---|---|---|---|---|
| | എം.ബുക്ക് നം. 02/14-15 (Part Bill) | | | | |
| | ആകെ | | | | 74236 |

മേൽ പറഞ്ഞ കരാറുകാരിൽനിന്നും ഫാറം 1E-ലുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം മേൽ കാണിച്ചിരിക്കുന്ന പ്രകാരം കുറവായി ഈടാക്കിയ നികുതി ബന്ധപ്പെട്ട് കരാറുകാരിൽനിന്നോ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി ഒടുക്കുവരുത്തേണ്ടതാണ്.

## (3-17) പട്ടിക വർഗ്ഗ വികസന ഫണ്ട് റോഡ് നിർമ്മാണത്തിന് ഉപയോഗിച്ചു - സർക്കാർ നിർദ്ദേശത്തിന്റെ ലംഘനം

പദ്ധതി നിർവ്വഹണ മാർഗ്ഗരേഖ പ്രകാരം പട്ടിക വർഗ്ഗ ഉപപദ്ധതിയിൽ കുടുംബകേന്ദ്രീകൃത സമീപനത്തിൽ ഓരോ കുടുംബത്തിന്റെയും സാമൂഹിക സാമ്പത്തിക വികസനത്തിനാണ് ഊന്നൽ നൽകേണ്ടതെന്നും, ടി.എസ്.പി. ഫണ്ട് റോഡ് നിർമ്മാണത്തിന് വകയിരുത്താൻ പാടില്ലായെന്നും നിഷ്കർഷിച്ചിട്ടുണ്ട് [മാർഗ്ഗരേഖയിലെ അനുബന്ധം - 2, ഖ: (2)(v)]. സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി ഓഡിറ്റ് കാലയളവിൽ പട്ടികവർഗ്ഗ വികസന ഫണ്ട് ഉപയോഗിച്ച് മൂന്നു മീറ്ററിലധികം വീതിയുള്ള റോഡുകൾ നിർമ്മിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നം. | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക | ചെലവിന്റെ വിവരം |
|---|---|---|---|---|---|
| 1 | 74/16 | വേളിമല പട്ടിക വർഗ്ഗ കോളനിയിലേക്കുള്ള റോഡ് നിർമ്മാണവും, കോൺക്രീറ്റിംഗും | 992648 | 493080 | 74/15-16<br>31.03.2016 |

| | | | | | |
|---|---|---|---|---|---|
| 2 | 95/16 | റ്റി.വി. ജംഗ്ഷൻ മോടിയിൽപടി റോഡ് കോൺക്രീറ്റ് | 250000 | 248819 | 66/15-16<br>31.03.2016 |
| | | ആകെ | | 741899 | |

പട്ടിക വർഗ്ഗ വികസന ഫണ്ടിന്റെ വിനിയോഗത്തിന് സർക്കാർ നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കാതെ റോഡ് നിർമ്മാണത്തിനായി വകമാറ്റിയ 741899 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. പ്രസ്തുത തുകയ്ക്ക് തുല്യമായ തുക പൊതു വിഭാഗം വികസന ഫണ്ടിൽനിന്നും പട്ടിക വർഗ്ഗ ഉപപദ്ധതിക്കായി പരിഹാര വകയിരുത്തൽ നടത്തി അപാകത പരിഹരിക്കേണ്ടതാണ്. പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി അനുവദിച്ച സർക്കാർ ഗ്രാന്റ് വകമാറ്റി ചെലവഴിച്ചത് ക്രമവിരുദ്ധമായ നടപടിയാണ്. ഈ വിഷയം ഭരണവകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## (3-18) പഞ്ചായത്ത് വാഹനം - ഇന്ധന ക്ഷമത ടെസ്റ്റ് ചെയ്യുന്നില്ല

ഗ്രാമപഞ്ചായത്ത് വാഹനത്തിന്റെ ഇന്ധനക്ഷമത നിശ്ചിത ഇടവേളകളിൽ പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല. തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാഹനങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖ പ്രകാരം ആറ് മാസത്തിൽ ഒരിക്കൽ വാഹനങ്ങളുടെ ഇന്ധനക്ഷമത ടെസ്റ്റ് നടത്തേണ്ടതാണ്. എന്നാൽ കഴിഞ്ഞ നാല് വർഷമായി ഇന്ധന ക്ഷമതാ ടെസ്റ്റ് നടത്താതെയാണ് വാഹനം ഓടുന്നത്. അവസാനമായി ടെസ്റ്റ് നടത്തിയിരിക്കുന്നത് 02.03.2012-ലാണ് (സർട്ടിഫിക്കറ്റ് നം. AE-II/FCT /18-2012). ലോഗ് ബുക്കിൽ ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും ഓടിയ യാത്ര ചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്തം രേഖപ്പെടുത്തുന്നില്ല. ഇന്ധനത്തെയും, അറ്റകുറ്റപ്പണികളെയും സംബന്ധിച്ച വിവരം ലോഗ് ബുക്കിൽ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഇക്കാരണങ്ങളാൽ ഓഡിറ്റ് കാലയളവിലെ ഇന്ധ ഉപഭോഗത്തിന്റെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിനായിട്ടില്ല.

അപാകത ശ്രദ്ധയിൽപ്പെടുത്തുന്നു. ഇന്ധനക്ഷമത ടെസ്റ്റ് കൃത്യ സമയത്തു നടത്തേണ്ടതും, സർട്ടിഫിക്കറ്റ് ലോഗ് ബുക്കിൽ പതിപ്പിച്ചിരിക്കേണ്ടതുമാണ്. ഇന്ധന ഉപഭോഗത്തെ സംബന്ധിച്ചും യാത്രചെയ്ത ദൂരത്തെ സംബന്ധിച്ചുമുള്ള സംക്ഷിപ്ത കുറിപ്പും ലോഗ് ബുക്കിൽ അതത് മാസം അവസാനത്തെ ദിവസം തന്നെ രേഖപ്പെടുത്തേണ്ടതാണ്. അതുപോലെതന്നെ അറ്റകുറ്റപ്പണികളെ സംബന്ധിച്ച വിവരവും ലോഗ് ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

## (3-19) സ്കൂൾ കുട്ടികൾക്ക് ഉച്ചഭക്ഷണ പാത്രം വാങ്ങൽ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | S00169/16 |
| നിർവ്വഹണോദ്യോഗസ്ഥൻ | ഹെഡ് മാസ്റ്റർ |

| | |
|---|---|
| അടങ്കൽ | 125000 |
| ചെലവ് | 94990 |

ഹെഡ് മാസ്റ്റർ ഗവ.എൽ.പി.എസ്. കുത്താട്ടുകുളം നിർവ്വഹണോദ്യോഗസ്ഥനായ ഈ പദ്ധതി പ്രകാരം പഞ്ചായത്ത് പരിധിയിലുള്ള എൽ.പി സ്കൂളുകളിൽ ഉച്ചഭക്ഷണ വിതരണത്തിനായി 94990 രൂപ ചെലവഴിച്ച് വിവധ തരത്തിലുള്ള പാത്രങ്ങൾ വാങ്ങിയിട്ടുണ്ട്. പാത്രങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | യൂണിറ്റിന്റെ വില | യൂണിറ്റ് അളവ് | ഗ്രോസ്സ് വാല്യൂ |
|---|---|---|---|---|
| 1 | പ്ലേറ്റ് | 310 | 105 kg | 32550 |
| 2 | സ്പൂൺ | 22 | 300 no | 6600 |
| 3 | ഗ്ലാസ്സ് | 385 | 25 kg | 9625 |
| 4 | തവി | 59 | 12 no | 708 |
| 5 | ബക്കറ്റ് (അലുമിനിയം) | 360 | 9 kg | 3240 |
| 6 | കലം | 456 | 8 kg | 3648 |
| 7 | തവി (ചെറുത്) | 315 | 8 kg | 2520 |
| 8 | കണ്ണാപ്പ | 596 | 5 kg | 2980 |
| 9 | ചരുവം | 384 | 18 kg | 6912 |
| 10 | ചരുവം(28*/22) | 384 | 6 kg | 2304 |
| 11 | ബേസിൻ | 360 | 6 kg | 2160 |

| | | | | |
|---|---|---|---|---|
| 12 | അടപ്പ് | 390 | 6 kg | 2340 |
| 13 | കലം | 480 | 4 kg | 1920 |
| 14 | അണ്ടാവ് | 480 | 16 kg | 7680 |
| 15 | അടപ്പ് (വലുത്) | 390 | 2 kg | 780 |
| ആകെ | | | | 90467 |
| വാറ്റ് 5% | | | | 4523 |
| ബിൽ പ്രകാരം ആകെ നൽകിയ തുക | | | | 94990 |

മേൽ ലിസ്റ്റ് പ്രകാരമുള്ള പാത്രങ്ങൾ വാങ്ങിയിരിക്കുന്നത് സിഡ്കോ മാർക്കറ്റിംഗ് ഡിവിഷൻ തിരുവല്ലയിൽ നിന്നും ടെണ്ടർ ക്ഷണിക്കാതെയാണ്. റീട്ടെയിൽ ഇൻവോയിസ് പരിശോധിച്ചതിൽ ഈ പാത്രങ്ങളൊന്നും തന്നെ സിഡ്കോ നിർമ്മിതമല്ല. അന്ന അലൂമിനിയം. ടോപ്സ് എന്നീ വ്യവസായ സ്ഥാപനങ്ങൾ നിർമ്മിച്ചവയാണ് വാങ്ങി നൽകിയിട്ടുള്ളത്. സിഡ്കോ രജിസ്ട്രേഷനുള്ള യൂണിറ്റുകളിൽ ഉൽപ്പാദിപ്പിക്കാത്ത സാധന സാമഗ്രികൾ ടെണ്ടറോ ക്വട്ടേഷനോ കൂടാതെ സിഡ്കോയിൽ നിന്ന് വാങ്ങുന്നതിന് വ്യവസ്ഥയില്ല (സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 04.09.2002-ലെ 2117/A3/2002/SPD നമ്പർ സർക്കുലർ). സിഡ്കോയിൽ നിന്നും സ്റ്റീൽ, തടി ഫർണിച്ചറുകളും ബിറ്റുമിനും മാത്രമാണ് ടെണ്ടർ ക്ഷണിക്കാതെ നേരിട്ട് വാങ്ങുന്നതിന് അനുമതിയുള്ളത്. മാത്രവുമല്ല 16.09.2015-ൽ ചേർന്ന ഗ്രാമപഞ്ചായത്ത് പ്രൊക്യൂർമെന്റ് കമ്മിറ്റി 10-ാം നമ്പർ തീരുമാനപ്രകാരം എൽ.പി.സ്കൂളുകൾക്കാവശ്യമായ പാത്രങ്ങൾ ടെണ്ടർ ക്ഷണിച്ച് വാങ്ങുന്നതിനാണ് നിർവ്വഹണോദ്യഗസ്ഥനായ കുത്താട്ടുകുളം ഗവ.എൽ.പി.സ്കൂൾ ഹെഡ് മാസ്റ്ററെ ചുമതലപ്പെടുത്തിയിരുന്നത്. എന്നാൽ നടപടിക്രമങ്ങൾ പാലിക്കാതെയും പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനത്തെ മറികടന്നുമാണ് പദ്ധതി നടപ്പാക്കിയത്. ഭാവിയിൽ ഇപ്രകാരമുള്ള പദ്ധതികൾ ഏറ്റെടുത്തു നടപ്പാക്കുമ്പോൾ നടപടിക്രമങ്ങൾ പാലിക്കുന്നതിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

## (3-20) പൂരക പോഷകാഹാര പദ്ധതി-വൗച്ചറുകളുടെ അഭാവത്തിൽ തുക തടസ്സപ്പെടുത്തുന്നു

| | |
|---|---|
| പ്രോജക്ടിന്റെ പേര് | പൂരക പോഷകാഹാര പദ്ധതി (ജനറൽ) |
| പ്രോജക്ട് നമ്പർ | S0011/15-16 |
| നിർവ്വഹണം | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

| | |
|---|---|
| അടങ്കൽ | 1200000 |

ഈ പദ്ധതിക്കായി ചെലവ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട് (ജനറൽ) 600000 രൂപ, ധനകാര്യ കമ്മീഷൻ ഗ്രാന്റ് 600000 രൂപ എന്നിവയുൾപ്പടെ ആകെ 1200000 രൂപ ചെലവ് വന്നിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയലിനോടൊപ്പം ചുവടെ ചേർക്കുന്ന ആറ് ബില്ലുകൾ പ്രകാരം മാറിയ 994981 രൂപയുടെ വൗച്ചറുകൾ മാത്രമേ പരിശോധനയ്ക്ക് ലഭ്യമാക്കിയുള്ളൂ.

| ക്രമ നം. | ബിൽ നം | തീയതി | തുക |
|---|---|---|---|
| 1 | 47/8-12/15 SNP | 18.12.2015 | 472237 |
| 2 | 102/21SNP | 15.01.2016 | 383038 |
| 3 | 1208/16SNP | 28.03.2016 | 7189 |
| 4 | 16/ SNP | 31.03.2016 | 121477 |
| 5 | 1223/16 SNP | 31.03.2016 | 4754 |
| 6 | 1224/16 SNP | 31.03.2016 | 6286 |
| | ആകെ | | 994981 |

ഈ പദ്ധതിക്കായി 12.08.2015 ൽ 21/4.08.15/SNP എന്ന ബിൽ പ്രകാരം 205019 രൂപ ട്രഷറിയിൽ നിന്നും പിൻവലിച്ചിട്ടുണ്ട്. എന്നാൽ ഈ ബിൽ പ്രകാരമുള്ള ചെലവുകൾ സംബന്ധിച്ച ചെലവ് വൗച്ചറുകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. വൗച്ചറുകൾ, ബാങ്ക് പാസ്സ് ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.17, തീയതി.14.11.2016) നിർവ്വഹണ ഉദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ടി ബിൽ പ്രകാരം പിൻവലിച്ച 205019 രൂപയുടെ ചെലവ് തടസ്സത്തിൽ വയ്ക്കുന്നു.

നിർവ്വഹണത്തിനായി തുറന്നിട്ടുള്ള ദേശസാൽകൃത ബാങ്ക് അക്കൗണ്ടിന്റെ പാസ്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കാത്തതിനാൽ നിർവ്വഹണ ഉദ്യോഗസ്ഥ ഓഡിറ്റ് വർഷം നടത്തിയിട്ടുള്ള പണമിടപാടുകളുടെ കൃത്യത പരിശോധിച്ച് ബോദ്ധ്യപ്പെടുന്നതിന് സാധിച്ചിട്ടില്ല. ചെലവ് രേഖകളും, ബാങ്ക് പാസ്സ് ബുക്കും പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതാണ്.

## (3-21) ഇ.എം.എസ് ഭവന പദ്ധതി; 7 ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തിയാക്കിയില്ല

ഇ.എം.എസ് ഭവന നിർമ്മാണത്തിനായി 2009-10 ൽ എഗ്രിമെന്റ് വച്ച് പണി ആരംഭിച്ചവരിൽ ഏഴ് ഗുണഭോക്താക്കൾ നാളിതുവരെ പണി പൂർത്തിയാക്കിയിട്ടില്ല. ടി വ്യക്തികൾക്ക് വിതരണം ചെയ്ത തുക, ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ എന്നിവ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഗുണഭോക്താവിന്റെ പേരും വിലാസവും | വിഭാഗം | ഭവന നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ | നൽകിയ തുക | നൽകുവാൻ ബാക്കി നിൽക്കുന്ന തുക |
|---|---|---|---|---|---|
| 1 | തങ്കമ്മ, പഴമല, ചിറ്റാർ | ജനറൽ | പൂർത്തീകരിച്ചു (ഗുണഭോക്താവ് മരണപ്പെട്ടു) | 70000 | 5000 |
| 2 | ജാനകി, കദളിപ്പാറ, നീലിപ്ലാവ് | ജനറൽ | പൂർത്തീകരിച്ചു (വീട് ഉപേക്ഷിച്ച നിലയിൽ) | 70000 | 5000 |
| 3 | രാമചന്ദ്രൻ, കല്ലേലി മുരുപ്പേൽ , കട്ടച്ചിറ | എസ്.സി. | ഭിത്തി | 85000 | 15000 |
| 4 | ഓമന.ടി.കെ, തോണിപ്പാറയ്ക്കൽ, നീലിപിലാവ് | എസ്.സി | തറ കെട്ടിയ നിലയിൽ | 25000 | 75000 |
| 5 | റജീന, തടത്തിൽ, കാരിക്കയം | ജനറൽ | തറ കെട്ടിയ നിലയിൽ | 60000 | 15000 |
| 6 | ജമിനി, ജമിനി ഭവൻ, കാരിക്കയം | ജനറൽ | തറ കെട്ടിയ നിലയിൽ | 40000 | 35000 |
| 7 | അമ്മിണി, പള്ളിപ്പറമ്പിൽ, ചിറ്റാർ | ജനറൽ | തറ കെട്ടിയ നിലയിൽ | 20000 | 55000 |

മേൽ ഗുണഭോക്താക്കൾക്ക് നൽകുവാൻ ബാക്കിനിൽക്കുന്ന തുകയായ 213539 രൂപ (നാളിതുവരെയുള്ള പലിശസഹിതം) വയ്യാറ്റുപുഴ സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ടിൽ (അക്കൗണ്ട് ന.2163) നിഷ്ക്രിയമായി കിടക്കുന്നു. ഈ വീടുകൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്. അഥവാ പണി പൂർത്തീകരിക്കാൻ കഴിയാത്ത സാഹചര്യമാണെങ്കിൽ ടി വ്യക്തികളിൽ നിന്നും റെവന്യൂ റിക്കവറി നടപടികളിലൂടെ നൽകിയ തുക തിരികെ ഈടാക്കേണ്ടതും നിലവിൽ നിഷ്ക്രിയമായി അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുള്ള തുക സർക്കാരിലേക്ക് ഒടുക്കുവരുത്തേണ്ടതുമാണ്.

## (3-22) ഭവന നിർമ്മാണം എസ്.സി.പി; 2 ഗുണഭോക്താക്കൾ പണി പൂർത്തിയാക്കിയില്ല - പദ്ധതി നിർവ്വഹണത്തിൽ ഗുരുതര വീഴ്ച

വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായി 2012-13-ൽ ആരംഭിച്ച ഭവന നിർമ്മാണം (എസ്.സി.പി) എന്ന പദ്ധതിയാണ് ദീർഘവീക്ഷണത്തിന്റെ അഭാവത്തിൽ പാതിവഴിയിൽ ഉപേക്ഷിക്കേണ്ടിവന്നത്. 2200000 രൂപയാണ് 2012-13-ൽ ഇതിനായി വകയിരുത്തിയിരുന്നത്. എന്നാൽ ആനുകൂല്യം ലഭ്യമാക്കേണ്ട ഗുണഭോക്താക്കളെ സംബന്ധിച്ച വ്യക്തമായ വിലയിരുത്തലിന്റെ അഭാവത്തിൽ 2012-13-ൽ 420000 രൂപ മാത്രമേ ചെലവ് വന്നുള്ളൂ. ഇത് പ്രോജക്ട് പ്രകാരമുള്ള പ്രതീക്ഷിത ചെലവിന്റെ 19% മാത്രമാണ്. അതിനാൽ പദ്ധതി 2013-14-ലേക്ക് 980000 രൂപ വകയിരുത്തി സ്പിൽ ഓവർ ആക്കുകയും 940000 രൂപ ചെലവഴിക്കുകയും ചെയ്തു. എന്നാൽ ഈ പദ്ധതിയിലുൾപ്പെട്ട ശ്രീമതി സോമിനി.ആർ, ഈറനിൽക്കുന്നതിൽ, നീലിപിലാവ്, ശ്രീമതി ശ്രീകല, കുമരംകുന്ന് ചരുവിൽ, മണക്കയം എന്നീ ഗുണഭോക്താക്കൾ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. 180000 രൂപ വീതം കൈപ്പറ്റി ഭിത്തി കെട്ട് വരെയുള്ള പണികൾ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. 20000 രൂപ വീതമുള്ള അവസാന ഗഡു രണ്ടുപേർക്കും കൈമാറിയിട്ടില്ല. ഇപ്രകാരം പ്രോജക്ടിലുൾപ്പെട്ട രണ്ട് ഗുണഭോക്താക്കളുടെ പണിപൂർത്തിയാക്കാൻ ബാക്കിയുണ്ടെങ്കിലും ഈ പദ്ധതി 2014-15-ലേക്ക് സ്പിൽ ഓവറാക്കിയിട്ടില്ല. ഇക്കാരണത്താൽ രണ്ട് ഗുണഭോക്കൾക്ക് നൽകിയ 360000 രൂപ ഫലപ്രാപ്തിയിലെത്താതെ മുടങ്ങിക്കിടക്കുന്നു. ഇവരുടെ ഭവന നിർമ്മാണം പൂർത്തിയാക്കുന്നതിന് തുടർന്നുള്ള വാർഷിക പദ്ധതിയിൽ തുക വകയിരുത്തേണ്ടതാണ്.

## (3-23) ടി.എച്ച്.ആർ.എസ്. അമൃതം ന്യൂട്രിമിക്സ് സാമ്പിളുകൾ കൃത്യമായ ഇടവേളകളിൽ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കുന്നില്ല

അങ്കണവാടികളിൽ വിതരണം ചെയ്യുന്ന ന്യൂട്രിമിക്സിന്റെ സാമ്പിളുകൾ ഓരോ രണ്ട് മാസത്തിൽ ഒരിക്കൽവീതം ഫുഡ് ടെസ്റ്റ് ലാബിൽ ഗുണനിലവാരം പരിശോധനയ്ക്ക് വിധേയമാക്കുവാൻ സാമൂഹ്യക്ഷേമ ഡയറക്ടറുടെ 18-02-2016 ഐ.സി.ഡി.എസ്.ബി3-312/2010 നമ്പർ സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. അങ്കണവാടികളിലേക്ക് നൽകി വന്നിട്ടുള്ള അമൃതം ഫുഡ് ന്യൂട്രിമിക്സ് സാമ്പിളുകൾ ഇത്തരം ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കിയതായി റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല. സർക്കുലറിൽ നിർദ്ദേശിച്ചതു പോലെതന്നെ ഓരോ രണ്ടു മാസത്തിലൊരിക്കൽ വീതം ഫുഡ് ടെസ്റ്റ് നടത്തേണ്ടതും പരിശോധനയ്ക്ക് വിധേയമാക്കുന്ന സാമ്പിളുകൾ തൃപ്തികരമായ ഗുണനിലവാരം പുലർത്തുന്നില്ലെന്ന് ലാബ് റിപ്പോർട്ടിൽ തെളിയുന്നപക്ഷം പ്രസ്തുത ബാച്ചിൽപ്പെട്ട ഭക്ഷ്യ മിശ്രിതത്തിന്റെ വില അത് വിതരണം ചെയ്ത കുടുംബശ്രീ യൂണിറ്റിന് നൽകേണ്ടതില്ല എന്ന് കാര്യവും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## (3-24) പൗരാവകാശരേഖ പ്രസിദ്ധീകരിച്ചില്ല; ഗ്രാമപഞ്ചായത്ത് നിയമവും, ചട്ടവും ലംഘിച്ചു

പഞ്ചായത്ത് രാജ് നിയമത്തിലെ 272 എ. വകുപ്പ് പ്രകാരം ഓരോ പഞ്ചായത്തും പൗരൻമാർക്ക് പഞ്ചായത്ത് ലഭ്യമാക്കുന്ന വിവിധ ഇനം സേവനങ്ങളെയും അവയുടെ വ്യവസ്ഥകളെയും അവ ലഭ്യമാക്കുന്ന സമയപരിധിയേയും സംബന്ധിച്ച് ഒരു രൂപ രേഖ തയ്യാറാക്കി 'പൗരാവകാശ രേഖ' എന്ന പേരിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. പൗരവാകാശരേഖ തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് 2004-ൽ സർക്കാർ പൗരാവകാശരേഖ തയ്യാറാക്കൽ ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ചട്ടങ്ങളിലെ ചട്ടം 3 പ്രകാരം പൊതു തെരഞ്ഞെടുപ്പ് കഴിഞ്ഞ് ഒരു പഞ്ചായത്ത് രൂപീകരിക്കപ്പെട്ടതിനുശേഷം, കഴിയുന്നതും നേരത്തെ എന്നാൽ ആറുമാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പഞ്ചായത്ത് യോഗം ചേർന്ന്, പഞ്ചായത്തിന്, പഞ്ചായത്ത് പ്രദേശത്ത് താമസിക്കുന്ന പൗരന്മാർക്ക് എന്തെല്ലാം സേവനങ്ങൽ സമയബന്ധിതമായി ലഭ്യമാക്കാൻ കഴിയുമെന്നും, അത്തരം ഒരു സേവനം ലഭമ്യാകുന്നതിന് ഒരു പൗരൻ എന്തെല്ലാം വ്യവസ്ഥകൾ പാലിക്കണമെന്നും, പ്രസ്തുത സേവനം ലഭ്യമാക്കുന്നതിനുള്ള സമയപരിധി എത്രയായിരിക്കണമെന്നും ചർച്ച

ചെയ്ത് തീരുമാനിക്കേണ്ടതാണ്. ചട്ടം 4 പ്രകാരം പഞ്ചായത്ത് തയ്യാറാക്കുന്ന പൗരാവകാശ രേഖ പൊതുജനങ്ങളുടെ അറിവിലേക്കായി പഞ്ചായത്താഫീസ് നോട്ടീസ് ബോർഡിലും പഞ്ചായത്ത് പ്രദേശത്തെ പൊതുസ്ഥലങ്ങളിൽ സ്ഥാപിച്ചിട്ടുള്ള മറ്റ് നോട്ടീസ് ബോർഡുകളിലും പതിച്ച് പ്രസിദ്ധപ്പെടുത്തേണ്ടതും അത് അച്ചടിച്ച് പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്.

എന്നാൽ നിലവിലെ ഭരണസമിതി അധികാരമേറ്റിട്ട് ഒരു വർഷം പൂർത്തിയാക്കിയെങ്കിലും പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല. നിയമത്തിന്റെയും, ചട്ടത്തിന്റെയും ലംഘനം ശ്രദ്ധയിൽപ്പെടുത്തുന്നു. പൗരാവകാശരേഖ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് കൈകൊള്ളേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## (4-1) സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതി പേര്, നം | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| --ഇല്ല-- | | | | |

## (4-2) നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ/ ചെക്ക് നമ്പർ | തുക | പൂർത്തീകരിച്ച വിവരം |
|---|---|---|---|---|
| കെ.എസ്.ഇ.ബി. | വയ്യാറ്റുപുഴ ജംഗ്ഷനിലും പരിസരങ്ങളിലും സ്ലീറ്റ് ലൈൻ സ്ഥാപിക്കൽ | 478846/3.2.15 | 106493 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| കേരള വാട്ടർ അതോറിറ്റി | ചെക്ക് ഡാം കൊടിതോപ്പ് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 014858/28.2.15 | 62000 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| കെ.എസ്.ഇ.ബി. | ഡിപ്പോപടി ഫാക്ടറിപടി സ്ലീറ്റ് ലൈൻ നീട്ടൽ | 478846/3.2.15 | 185300 | വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |

## (4-3) മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് ക്രമീകരിയ്ക്കാൻ അവശേഷിക്കുന്നത്

| ക്രമ നമ്പർ | പ്രവൃത്തിയുടെ പേര് | കൺവീനർ | ബിൽ വൗച്ചർ നമ്പർ | തുക | ക്രമീകരിച്ചത് | ബാക്കി | റിമാർക്സ് |
|---|---|---|---|---|---|---|---|
| | മൺപിലാവ് കൊച്ചുമുറിയിൽ പടി നടപ്പാല നിർമ്മാണം | | 735/16<br>03.02.16 | 41560 | 0 | 41560 | |

## (4-4)(i) വായ്പ/വിനിയോഗം/വീഴ്ചകൾ എന്നിവയുടെ വിവരം

| ക്രമ നം. | 2015-16 ൽ ലഭിച്ച വായ്പ | ഉദ്ദേശ്യം | നിശ്ചിത കാലാവധിയിൽ ചെലവഴിച്ച തുക | വിനിയോഗിയ്ക്കാനവശേഷിയ്ക്കുന്നത് | ഉദ്ദേശ്യലക്ഷ്യം നേടിത് സംബന്ധിച്ച വിവരം |
|---|---|---|---|---|---|
| ഇല്ല | | | | | |

(ii) വായ്പ തിരിച്ചടവിന്റെ വിവരം

| ക്രമ നം. | വായ്പയുടെ ഉദ്ദേശ്യം | ഉത്തരവ് നം./തിയ്യതി | വായ്പ തുക | തിരിച്ചടയ്ക്കാനുള്ള മുൻബാക്കി | തൻവർഷം അടച്ചത് | | വർഷാവസാന ബാക്കി |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| | | | | ഇല്ല | | | |

## (4-5) സ്ഥിരനിക്ഷേപങ്ങൾ

--ഇല്ല--

## (4-6) ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷം വരവില്ല.

## (4-7) സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഗ്രാമപഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, | ഖണ്ഡിക | സമാഹൃത ഓഡിറ്റ് | സമാഹൃത ഓഡിറ്റ് | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|---|---|

| ഖണ്ഡിക നം | | റിപ്പോർട്ട് വർഷം | റിപ്പോർട്ടിലെ ഖ.നം. | | |
|---|---|---|---|---|---|
| 2007-08 മുതൽ 2010-11 | 3-17 | 2014-15 | 4.1.4 | ഖരമാലിന്യ സംസ്കരണ കേന്ദ്രം നിർമ്മിച്ചതിലെ അപാകത | 2016-17 വർഷത്തെ പ്രോജക്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2007-08 മുതൽ 2010-11 | 3-17 | 2014-15 | 4.1.5 | തയ്യൽ പരിശീലനത്തിന് വാങ്ങിയ തയ്യൽ മെഷീനുകൾ ഉപയോഗിക്കാത്തത് സംബന്ധിച്ച് | തയ്യൽ പരിശീലന യൂണിറ്റ് പുന:രാരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു |
| 2007-08 മുതൽ 2010-11 | 3-17 | 2014-15 | 4.1.6 | ശബരി മല ഇടത്താവളത്തിന്റെ ജീർണ്ണാവസ്ഥ സംബന്ധിച്ച് | ഇടത്താവളം ഉപയോഗ യോഗ്യമാക്കി പരിപാലിച്ചിട്ടുണ്ട്. |
| 2004-05 | 3-22 | 2014-15 | 4.1.15 | പട്ടികജാതി കുട്ടികൾക്ക് കമ്പ്യൂട്ടർ പരിശീലനത്തിനായി വാങ്ങിയ കമ്പ്യൂട്ടറുകൾ ഉപയോഗ ശൂന്യമായത് സംബന്ധിച്ച് | പദ്ധതി വിജിലൻസ് അന്വേഷണത്തിലാണ്. |

## (4-8) ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 47026975 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 41421956 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 245307 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 555988 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 245307 (തുല്യമായി) | ശ്രീ ജിനു വി., അസി.എഞ്ചിനീയർ |
| | | ശ്രീമതി ലത എം., അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| | | |
|---|---|---|
| 3-4 | 276070 | ശ്രീ ജിനു വി., അസി.എഞ്ചിനീയർ |
| 3-16 | 74899 | ശ്രീ ജിനു വി., അസി.എഞ്ചിനീയർ |
| 3-19 | 205019 | ശ്രീമതി പ്രസന്ന, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| ആകെ | 555988 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ: 3-11, 3-19

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ ജിനു വി., അസി.എഞ്ചിനീയർ | അസി.എഞ്ചിനീയർ,<br>ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത്,<br>എറണാകുളം. | അഞ്ചാലിൽ വീട്,<br>സീതത്തോട്,<br>പത്തനംതിട്ട ജില്ല. |
| ശ്രീമതി ലത എം.,<br>അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ | അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ,<br>റാന്നി ബ്ലോക്ക് പഞ്ചായത്ത് | മാരേറ്റ്തെക്കേവീട്ടിൽ,<br>പുതുശ്ശേരി പി.ഒ.,<br>തിരുവല്ല. |

# (4-9) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെട്ടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|
| 1996-97 | നം.എൽ.എഫ്.പി.റ്റി.എ.പി.3/8/06/2000, തീ. 06.07.00 | 3 |
| 1997-98 | നം.എൽ.എഫ്.പി.റ്റി.എ.പി.4/974/04/07, തീ. 13.06.08 | 2 |
| 1998-99 | നം.എൽ.എഫ്.പി.റ്റി.എ.പി.3/975/07, തീ.13.06.08 | 2 |
| 1999-00(വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.3/976/07, തീ.10.07.08 | 1 |
| 1999-00(ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.3/37/02, തീ.31.05.02 | 16 |
| 2000-01(വരവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/977/04, തീ.10.08.03 | 1 |
| 2000-01(ചെലവ്) | നം.എൽ.എഫ്.പി.റ്റി.എ.പി.4/384/03, തീ.16.12.03 | 7 |
| 2001-02 | നംഎൽ.എഫ്.പി.റ്റി.എ.പി.4/576/06, തീ.15.10.06 | |
| 2002-03 | നം.എൽ.എഫ്.പി.റ്റി.എ.പി.4/113/08, തീ.4.11.08 | |
| 2003-04 | നം.എൽ.എഫ്.പി.റ്റി.എ.പി.5/705/08, തീ.12.05.09 | |

| | | |
|---|---|---|
| 2004-05 | നം.എൽ.എഫ്.പി.റ്റി.എ.പി.5/744/08, തീ.31.07.09 | |
| 2005-06 | നം.എൽ.എഫ്.പി.റ്റി.എ.പി.8/840/11, തീ.7.12.11 | |
| 2006-07 | നം.എൽ.എഫ്.പി.റ്റി.എ.പി.8/841/11, തീ. 7.12.11 | |
| 2007-08 മുതൽ 2010-11 വരെ | നം.എൽ.എഫ്.പി.റ്റി.എ.പി.6/420/11, തീ.12.03.13 | |
| 2011-12മുതൽ 2012-13 വരെ | നം.എൽ.എഫ്.പി.റ്റി.എ. പി.6/779/14, തീ.20.11.14 | |
| 2013-14 മുതൽ 2014-15 വരെ | നം.കെ.എസ്.എ.പി.റ്റി.എ.പി12/183/2016, തീ. 23-03-2016 | |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ.പി.റ്റി.എ.പി12/1284(A)/2016 തീയതി : 03-12-2016

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പും, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ കണക്കുകളുടെ സാക്ഷ്യപ്പെടുത്തലിനായി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അവലംബിച്ചും, പത്തനംതിട്ട ജില്ലയിലെ ചിറ്റാർ ഗ്രാമ പഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-3-ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ചിറ്റാർ ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ്

കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് സാക്ഷ്യപ്പെടുത്തുന്നു.

ഹബീബ് മുഹമ്മദ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
പത്തനംതിട്ട

No.K.S.A.PTA.P12/1284(A)/2016 Dated : 03-12-2016

AUDIT CERTIFICATE

Certified that I have examined the Annual Financial Statement of Chittar Grama Panchayat in Pathanamthitta district for the year ended on 31.03.2016 in accordance with section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under the guidelines isssued by the Comptroller and Auditor General of India for the purpose of certification of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Chittar Grama Panchayat for the year 2015-16 except the obeservations in the para.1-3 of this report, properly presents the picture of income and expenditure.

HABEEB MOHAMMED

Deputy Director

Kerala State Audit Department

Pathanamthitta